# SANTHOM VOICE

RAMANATHAPURAM DIOCESAN BULLETIN



Volume 6 | 2015 February | No. 2







SACREDOTAL
ORDINATION OF
FR. JOSEPH PUNNATHANATH
AT VELICHIYANI ON
30.12.2014

CHRISTMAS CELEBRATION AT
JEEVAN JYOTHI CENTRE, THOTTIPALAYAM ON 04.01.2015





# SANTHOM VOICE

Ramanathapuram Diocesan Bulletin

Volume - 6
2015 February
No. 2






Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Editor
**Fr Seby Kundukulam**
Mob: 0 87542 20355

Associate Editor
**Fr Saviour Karamvelil OFM Conv**
Mob: 9865218522

Published by
**Fr Jose Kannumkuzhy**
Bishop's House, Ramanathapuram
Ph: 0422-4221795

Website :
**www.dioceseoframanathapuram.org**
**www.ramanathapuramdiocese.com**

Conceptualisation & Print
**MARIA PRINTLINKS**
Ramanathapuram. Mob: 9042013148

Annual Subscription : **Rs 250/-**

Single Copy : **Rs 30/-**


## INDEX


| | |
|---|---|
| Intentions of the Holy Father | 02 |
| Pope Francis Tweets | 02 |
| Circular | 03 |
| Apostolic Letter | 09 |
| ഇടയലേഖനം | 08 |
| സമർപ്പിതവർഷാചരണം | 15 |
| Commemoration of St. Joseph & Intercessory Prayer | 20 |
| രൂപതാ കാര്യാലയം | 21 |
| Bishop's Engagements | 23 |
| Bishop's Diary | 24 |
| Finance Office | 26 |
| സഭാ വാർത്തകൾ | 29 |
| കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം | 31 |
| സെമിനാരി വിശേഷങ്ങൾ | 34 |
| മതബോധനം | 36 |
| കരിസ്മാറ്റിക് നവീകരണ മുന്നേറ്റം | 36 |
| പിതൃവേദി | 37 |
| മാതൃസംഘം | 39 |
| Altar Boys Association | 40 |
| CYM | 40 |
| SMRC | 41 |
| Family Apostolate | 42 |
| 3-ാം പാസ്റ്ററൽ കൗൺസിൽ 4-ാം സമ്മേളനം - ചർച്ചാ സഹായി | 43 |
| Snippets | 59 |

## The Prayer Intentions of the Holy Father

**FEBRUARY**

**Universal:** That prisoners, especially the young, may be able to rebuild lives of dignity.

**Evangelization:** That married people who are separated may find welcome and support in the Christian community.



# POPE FRANCIS TWEETS

- It is so important to listen! Husbands and wives need to communicate to bring happiness and serenity to family life.
- The Lord put it clearly: you cannot serve two masters. You have to choose between God and money.
- If Jesus is to become the centre of our life, we need to spend time in his presence, before the Tabernacle.
- At times we are slaves of sin. Lord, come to free us!
- May we try to listen and be silent in order to make space for the beauty of God.
- The Christian family is missionary: it announces the love of God to the world.
- Today people are suffering from poverty, but also from lack of love.
- Christianity spreads through the joy of disciples who know that they are loved and saved.
- Lord, help us to recognize you in the sick, poor and suffering.

Prot.no. 0089/2015

# സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

**കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ കുടുംബത്തെക്കുറിച്ച് വിചിന്തനം നടത്താൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ വച്ച് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു അസാധാരണ സിനഡ് നടന്നത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ കാര്യമാണല്ലോ. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബത്തെക്കുറിച്ച് നാളിതുവരെ സഭയ്ക്കുലഭിച്ച വെളിപാടുകളെയും പ്രബോധനങ്ങളെയും മനസ്സിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂഹത്തിന്റെയും സമർപ്പണത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്രകാരമാണ് നവീകരിക്കാൻ സാധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അസാധാരണ സിനഡ് സമ്മേളിച്ചത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തിലെ പവിത്രമായ കൗദാശികബന്ധത്തിന്റെ മഹത്വത്തിനു കോട്ടം വരുത്തുന്ന സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതായി സിനഡ് വിലയിരുത്തി. വിവാഹ മോചനം, വിവാഹപൂർവ്വ ലൈംഗികത, മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം തുടങ്ങിയവ കുടുംബബന്ധത്തിന്റെ പവിത്രതയ്ക്കു സാരമായ ഭംഗം വരുത്തുണ്ട്. കുട്ടികളെ വളർത്താനുള്ള പ്രയാസത്തിന്റെയും പുതിയ ജീവനെസ്വാഗതം ചെയ്യാനുള്ള വൈമുഖ്യത്തിന്റെയും വാർദ്ധകൃത്തിലെത്തിയവരെ ഭാരമായി കരുതുന്ന ശൈലിയുടെയും ഒരു പ്രതിലോമ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ രൂപപ്പെട്ടുവരുന്നത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുമെന്നും സിനഡ് നിരീക്ഷിക്കുകയുണ്ടായി. വിവാഹബന്ധത്തിനു വെളിയിൽ ജനിക്കുന്ന കുഞ്ഞുങ്ങളും വിവാഹമോചനം നേടിയ ദമ്പതികളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഭീതിദമാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളും കുടുംബഭദ്രതയിൽ ആശങ്ക ഉളവാക്കുന്നതാണ്.

സങ്കീർണ്ണമായ ഈ പ്രതിസന്ധികൾക്കെല്ലാമുള്ള ഉത്തരം മനുഷ്യാവതാരം ചെയ്ത ഈശോയിലേക്കു തിരിയുക എന്നതു മാത്രമാണെന്ന് പരി. പിതാവ് സിനഡിലെ തന്റെ ആമുഖപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. ദൈവം യോജിപ്പിച്ച ബന്ധമാകയാൽ വിവാഹബന്ധം അഭേദ്യവും അലംഘനീയവുമാണ് (മത്താ 19:8) എന്ന ഈശോയുടെ കാഴ്ചപ്പാടാണ് തിരുസ്സഭയുടെ വിവാഹദർശനത്തിന്റെ കാതൽ. ഈ കാഴ്ചപ്പാടനുസരിച്ച് ദമ്പതികൾ അന്യോന്യം ഭാരമായിട്ടല്ല ദൈവദാനമായിട്ടാണ് മനസ്സിലാക്കേണ്ടത്. കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി ആദ്യമായി വെളിപ്പെട്ടത് ആദിമാതാപിതാക്കളുടെ പറുദീസായിലെ കുടുംബത്തിലാണ്. ഫലപുഷ്ടിയുള്ളവരായി വർദ്ധിക്കുവാനുള്ള കൃപയും ദൈവം അവർക്കു നല്കി (ഉത്പത്തി 1:28), ദമ്പതികൾ ഒറ്റ ശരീരമായിത്തീരാനുള്ള ഈ ദൈവികാഹ്വാനത്തിന് ഭംഗം വന്നത് പാപം മൂലമാണ്. എവിടെയാണോ സ്വാർത്ഥപരമായ പാപം വർദ്ധിക്കുന്നത് അവിടെയാണ് വിവാഹവും കുടുംബജീവിതവും അപകടത്തിലാകുന്നത് എന്ന സനാതനമായ സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്.

ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറ എന്നതിനാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കടുംബത്തെ ഗാർഹിക സഭ എന്നാണ് വിളിക്കുന്നത് (LG, 11). 2014 -ലെ സിനഡിന്റെ മാർഗ്ഗരേഖ പ്രസ്താവിക്കുന്നതുപോലെ, സഭയൊന്നാകെ വിവാഹിതരായ ദമ്പതികളിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുകയാണ്. ദമ്പതികളാകട്ടെ ഈശോയിലേക്കും ഉറ്റുനോക്കുന്നു. മനുഷ്യവംശത്തിന്റെ കൂട്ടായ്മയ്ക്കും നിലനില്പിനും കുടുംബം അടിസ്ഥാനപരമായ അനിവാര്യതയാണ്. (LM, 22).

മാതാവും ഗുരുനാഥയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹത്തെ മാത്രമാണ് അലംഘനീയമായ കൗദാശികബന്ധമായി പരിഗണിക്കുന്നത്. ഇതിനെലംഘിക്കുന്ന സകല മാനുഷിക ഇടപെടലുകളും തെറ്റാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. എന്നാൽ വിവാഹമോചനം, മിശ്രവിവാഹം, കൂടിത്താമസം തുടങ്ങിയ വിവിധ പ്രതിസന്ധികളാൽ വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ മക്കളുടെ ദൗർബല്യത്തെക്കുറിച്ച് സഭാമാതാവിന് വേദനയുമുണ്ട്.

2014-ലെ സിനഡിലെ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് 2015 ഒക്ടോബർ 4 മുതൽ 25 വരെയുള്ള മെത്രാൻ സിനഡിന്റെ ഒരുക്കരേഖയായി പരി. പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും എന്നതാണ് 2015-ലെ സാധാരണ സിനഡിന്റെ പ്രമേയം. ഈ സിനഡിൽ സാർവ്വത്രികസഭയിലെ മുഴുവൻ അംഗങ്ങളു

ടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിക്കണം എന്നതാണ് പരി. പിതാവിന്റെ ആഗ്രഹം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായി സിനഡിന് ഒരുക്കമായുള്ള മാർഗ്ഗരേഖ സഭയുടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേണ്ടതുണ്ട്. ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി രൂപതാതല റിപ്പോർട്ട് ക്രോഡീകരിച്ച് മാർച്ച് 20-ന് മുൻപായി സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിലെ കാര്യാലയത്തിലേക്ക് അയച്ചു തരണം. കൂടാതെ മാർച്ച് 24-ാം തീയതി മൗണ്ട് സെന്റ് തോമസിൽ വച്ച് കുടുംബത്തെക്കുറിച്ച് സഭാതല പഠനസമ്മേളവും നടത്തുന്നുണ്ട്.

സന്യാസ സമൂഹങ്ങളും ഈ വിഷയം ചർച്ച ചെയ്ത് സമൂഹതലത്തിലുള്ള റിപ്പോർട്ട് പ്രസ്തുത തീയതിയ്ക്കു മുൻപായി സഭാകാര്യാലയത്തിൽ ഏല്പിക്കണം. കാരണം, സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളുടെയും സന്യാസഭവനങ്ങളുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ ആദ്യവാരത്തിൽ റോമൻ കൂരിയായിൽ സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രക്ഷക്കായി നസ്രത്തിലെ തിരുക്കുടുംബത്തിൽ അവതരിക്കുകയും ദൈവപിതാവിന്റെ വലിയ കുടുംബത്തിലെ മക്കളാക്കി നമ്മെ ഉയർത്തുകയും ചെയ്ത ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,
**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2015-ാം ആണ്ട് ജനുവരി മാസം 18-ാം തീയതി നൽകപ്പെട്ടത്.

NB: ഈ സർക്കുലർ 2015 ഫെബ്രുവരി മാസം 8-ാം തീയതി ഞായറാഴ്ച കുർബ്ബാനമദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

+PA

Prot. No. 0089/2015

# CIRCULAR LETTER

GEORGE CARDINAL ALENCHERRY, the Major Archbishop of the Syro-Malabar Church, to the Archbishops, Bishops, Priests, Men and Women Religious and Lay Faithful of the Syro-Malabar Church, May the Grace of the Lord be with you all!

An extra-ordinary General Assembly was held in Rome from 5-20 October 2014 under the auspicious presence of Pope Francis to reflect upon the family, an institution which God has established for the goodness and future of the humanity. The Synod Fathers have gathered together to ponder over the reality of family in all its complexities, "with both its lights and shadows", and to renew the commitment of the Church and the society to the family founded upon the marriage between a man and a woman.

The Synod has pointed out the socio-cultural problems that diminish the dignity of the sacramental dimension of marriage, where God unites a man and a woman. Divorce, pre-marital sex, co-habitation before marriage, mixed marriage and inter-religious marriage are real threats to the sanctity of marriage and family. The difficulty of raising children, hesitancy to welcome new life, and the tendency to consider the older persons as burdens can affect negatively the smooth running of the family, the corner stone of the society. The children are the real victims of family break-ups. The increasing rate of violence against women is another alarming threat against the safety and sanctity of the family.

In this crucial context the real solution, as Pope Francis has pointed out in his introductory talk to the Synod, consists in turning towards Jesus Christ and to maintain a fixed gaze upon Him. The indissoluble union between a man and a woman (Mt.19, 8) is the basic principle that the Church holds regarding the concept of

marriage. The indissolubility of marriage is to be understood not as a "yoke" imposed on a person but as a "gift" to a husband and wife united in marriage. Mutual self-giving and sharing of life together in moments of joy and sorrow are essential to the family life. God consecrates the love of the husband and wife and confirms its indissolubility, offering them assistance to live their faithfulness, mutual complementarity and openness to life. Therefore, the Church looks to the married couples as the heart of the entire family.

The divine plan regarding the family was firstly revealed in the union between Adam and Eve in Paradise. God not only created human beings male and female (Gen.1, 27) but He also blessed them to be fruitful and multiply (Gen. 1, 28). This primordial union was wounded by the sin. The Sacred Scripture teaches us that wherever the sin increases, there the sanctity family life decreases.

The bride and the bridegroom really build up the body of Christ and are a "domestic church" (L.G.11). As the Lineamenta of Synod 2014 declares, the Church looks hopefully towards the married couples who remain faithful to the teachings of the Gospel and the couples gaze at Jesus. Family is an existential necessity for the communion and survival of the humanity (LM, 22). Proclaiming the gospel of the family in various situations is an urgent need of the day in the work of evangelization. The Synod Fathers emphasized that the catholic families, by reason of the grace of the sacrament of marriage, are called upon to be the active witnesses to the joy of family in the contemporary society. The Church, a sure teacher and a caring mother, recognizes that the only marriage bond for those who are baptized is sacramental and the breach of it is against the will of God. The Church as a Mother feels pained over those who have gone away from her tenderness by divorce, mixed marriage and cohabitation.

The Lineamenta of Synod 2014 will be the guiding principle for the XIV Ordinary General Assembly of the Synod of Bishops, scheduled from 4-25 October 2015 under the title “The vocation and mission of the family in the Church and contemporary world”. According to Pope Francis, the ideas and opinions of all the faithful should be reflected in the forthcoming Synod. In order to achieve this goal, a thorough study and reflection of this Lineamenta is necessary. Therefore, study forums shall be conducted at different levels of the eparchy, namely, parish, forane and diocesan levels. A codified report of the eparchial level discussions may be sent to Mount St. Thomas Curia, Kakkanad before 20 March 2015. In addition to this, a seminar on family will be conducted at the Major Archiepicopal level at Mount St. Thomas on 24 March. The religious congregations also may discuss this Lineamenta on family and submit a report to the Major Archi-episcopal Curia in time. The final report of our Church is to be submitted to the Roman Curia in the first week of April 2015.

May our Lord Jesus Christ, who was born in the Holy Family of Nazareth, bless you all and your families through the intercession of Holy Mary.

**George Cardinal Alencherry**
Major Archbishop of the Syro-Malabar Church

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St Thomas, Kakkanad on 18 January 2015.

---

N.B: This circular is to be read out during the Holy Mass on Sunday 08 February 2015, in all churches and chapels of the Syro-Malabar Church where there is Sunday Mass for the public.

APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG,
CHANAKYAPURI,
NEW DELHI - 110 021.

N.7431/14 30

December 2014

Your Eminence,

The Cardinal Secretary of State informs that, among the celebrations scheduled for the Year dedicated to Consecrated Life, **8 February 2015,** liturgical memory of St. Josephine Bakhita, has been proclaimed as **"World Day of Prayer, Reflection and Action against Human Trafficking".**


The Holy Father, who on various occasions spoke about the new forms of slavery and dedicated to this theme the Message for the World Day of Peace 2015, has welcomed this initiative promoted by the International Unions of General Superiors.

The Catholic Church, and in particular the Congregations of Women Religious, work in various countries to fight human trafficking, but a better awareness of the problem and a greater collaboration between social and religious institutions are necessary.

May I request Your Eminence to kindly invite all the Bishops of the Conference to join the celebration of the above mentioned World Day, thus contributing to sensitize the public opinion and the ecclesial community about such tragic phenomenon, which is one of the most painful scourges of our times.

With my sentiments of esteem and respectful regards, I remain

Yours fraternally in Christ,



Archbishop Salvatore Pennachio

Apostolic Nuncio

# ഇടയലേഖനം

പോൾ ആലപ്പാട്ട്

## ദൈവകൃപയാലും തിരുസ്സഭാ നേതൃത്വത്തിന്റെ അനുഗ്രഹത്താലും രാമനാഥപുരം രൂപതയുടെ മെത്രാൻ

**നോമ്പുകാലം - പുണ്യം തളിർക്കേണ്ട കാലം**

ഈശോ മിശിഹായിൽ സ്നേഹമുള്ളവരേ,

ഇന്ന് 15.02.2015 ഞായറാഴ്ച പാതിരാവിൽ നാം വീണ്ടും നോമ്പ് കാലത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ഈ ലോകത്തിൽ അവതീർണ്ണനായ ഈശോമിശിഹായുടെ ജീവിതത്തിലെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും പ്രത്യേകം ധ്യാനവിഷയമാക്കപ്പെടുന്ന വി. വാരത്തിലേയ്ക്ക് നമ്മെത്തന്നെ അർത്ഥപൂർണ്ണമായി ഒരുക്കാനുള്ള കാലഘട്ടമാണിത്.

ഈശോയ്ക്ക് വഴിയൊരുക്കാൻ വന്ന സ്നാപക യോഹന്നാന്റെ വാക്കുകൾ ഇത്തരുണത്തിൽ ശരിയായ മാനസാന്തരത്തിലേയ്ക്കും നവീകരണത്തിലേക്കും നമ്മെ ആഹ്വാനം ചെയ്യുന്നു. "വൃക്ഷങ്ങളുടെ വേരിന് കോടാലി വച്ച് കഴിഞ്ഞു. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിലെറിയപ്പെടും" (മത്തായി 3:10). ഈ ആഹ്വാനമനുസരിച്ചുള്ള ജീവിതനവീകരണത്തിന് അത്യന്താപേക്ഷിതമായ ഒരുക്കങ്ങളാണ് പ്രാർത്ഥനയും നോമ്പും ഉപവാസവും ദാനധർമ്മവും മറ്റു പ്രായശ്ചിത്ത പ്രവൃത്തികളും.

പ്രായശ്ചിത്ത പ്രവൃത്തികളുടെ കൂട്ടത്തിൽ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും എത്ര വലിയ സ്ഥാനമാണുള്ളതെന്ന് ദിവ്യരക്ഷകന്റെ മാതൃക നമ്മെ പഠിപ്പിക്കുന്നു. പാപത്തിന്റെ കറയേശാത്ത നിർമ്മല ദൈവസുതൻ മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാര കടം ഏറ്റെടുത്ത് പരസ്യജീവിതത്തിനിറങ്ങിയപ്പോൾ അതിന്റെ ആരംഭത്തിൽ തന്നെ കാർക്കശ്യമേറിയതും നാല്പതു ദിവസം പൂർണ്ണമായും ദീർഘിച്ചതുമായ പ്രാർത്ഥന- ഉപവാസ യജ്ഞം നടത്തി. അതേപ്പറ്റി സുവിശേഷകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അനന്തരം പിതാവിനാൽ പരീക്ഷി

ക്കപ്പെടുന്നതിന് യേശുവിനെആത്മാവ് മരുഭൂമിയിലേയ്ക്ക് നയിച്ചു. യേശു നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു" (മത്താ 4:12). ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്നവർ ഏകാന്തതയുടെ അമൂല്യനിമിഷങ്ങളെ ഇഷ്ടപ്പെടണം. ഉപവാസം ശാരീരിക ഇച്ഛകളെ നിയന്ത്രിച്ച് ദൈവത്തിലേയ്ക്ക് തിരിയാൻ നമുക്ക് ഏറെ സഹായകമാകും. നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ സ്വീകാര്യമാകുന്നതിന് ഉപവാസത്തോടുകൂടിയ പ്രാർത്ഥനകൾ ഏറെ അത്യന്താപേക്ഷിതമാണെന്ന് ഈശോ തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ടല്ലോ. (മർക്കോ. 9:29).

വളരെ ത്യാഗപൂർണ്ണമായ പ്രാർത്ഥനകളും നോമ്പും ഉപവാസവും ദാനധർമ്മങ്ങളും തെറ്റുകൾക്കും കുറ്റങ്ങൾക്കുമുള്ള പരിഹാരമാർഗ്ഗങ്ങളാണ്. "ഉപ്പു തിന്നവൻ വെള്ളം കുടിക്കും" എന്ന ചൊല്ല് കേട്ടിട്ടുണ്ടല്ലോ. അതുപോലെ, തെറ്റ് ചെയ്തവൻ പരിഹാരം ചെയ്തേ പറ്റൂ. അറിഞ്ഞോ അറിയാതെയോ ചെയ്ത തെറ്റുകൾക്കും കുറ്റങ്ങൾക്കും മാപ്പ് ചോദിച്ച് വേണ്ട പരിഹാരം ചെയ്ത് സുവിശേഷത്തിലെ സക്കേവൂസിനെ പോലെയും (ലൂക്കാ 19:1-10) ധൂർത്തപുത്രനെപോലെയും (ലൂക്കാ15: 11–32) ദൈവ ത്തിലേയ്ക്കും മനുഷ്യരിലേയ്ക്കും തിരിഞ്ഞു നടക്കാനുള്ള പുണ്യ കാലഘട്ടമാണ് ഈ നോമ്പുകാലം.

അതേ സമയം, നാം നമ്മുടെ വ്യക്തിപരമായ തെറ്റുകൾക്ക് വേണ്ടി മാത്രം പരിഹാരം ചെയ്താൽ പോരാ. സമൂഹത്തിന്റെ തെറ്റുകൾക്കും നാം പരിഹാരം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ വ്യക്തിപരമായ തെറ്റുകൾക്കു മാത്രമല്ല നമുക്ക് ഉത്തരവാദിത്വമുള്ളത്. നാം ആയിരിക്കുന്ന സമൂഹത്തിൻെറ ഭാഗമെന്ന നിലയിൽ സമൂഹത്തിന്റെ തെറ്റുകൾക്കും - സമൂഹം എത്ര ചെറുതാണെങ്കിൽ പോലും-നാം പരിഹാരം ചെയ്യണം. ദൈവജനത്തിന്റെ തെറ്റുകൾക്ക് പരിഹാരമായി നാല്പതു പകലും നാല്പതു രാവും മോശ ഉപവസിച്ചതായി നാം തിരുവചനത്തിൽ വായിക്കുന്നു (നിയമാവർത്തനം 9:18).

ഉത്തരവാദിത്വത്തിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെങ്കിലും, എത്ര മാത്രം തിന്മകളാണ് ഇന്ന് സമൂഹത്തിൽ പടർന്നു പന്തലിച്ചുകൊണ്ടിരിക്കുന്നത്?. പതിവായി തീരുമ്പോൾ തിന്മയുടെ നിറം തന്നെ മാറുന്നതായി തോന്നുന്നില്ലേ?. മതതീവ്രവാദ ഗ്രൂപ്പുകളുടെ ആക്രമണത്തിനിരയായി എത്ര നിരപരാധികളുടെ ജീവിതമാണ് അകാലത്തിൽ പൊലിഞ്ഞുപോകുന്നത്? ഈയടുത്ത കാലത്ത് പാക്കിസ്ഥാനിലെ പെഷവാറിലെ സൈനിക സ്കൂളിൽ ഇരുന്നൂറിൽ താഴെ പിഞ്ചു

വിദ്യാർത്ഥികളും അദ്ധ്യാപകരും തോക്കിനിരയായല്ലൊ. ഫ്രാൻസിലെ പാരീസിൽ മാധ്യമ ഓഫീസിനു നേരെ നടന്ന ആക്രമണത്തിൽ പതിനേഴുപേർ മരിച്ചില്ലേ? ഇസ്ലാമികരാജ്യം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ക്രിസ്ത്യാനികളെ ഇറാക്കിലും സിറിയയിലും ആക്രമിക്കുകയും കൊല്ലുകയും മുസ്ലീങ്ങൾ ആകുന്നില്ലെങ്കിൽ നാടുവിടുകയെന്ന് പറഞ്ഞുകൊണ്ട് പീഡിപ്പിക്കുകയും ചെയ്യുന്ന തീവ്രവാദികൾ എത്ര വലിയ കിരാതരാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇന്ത്യയുടെ മതേതരത്വവും സ്വസ്ഥതയും സമാധാനവും തകർക്കുന്ന രീതിയിൽ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ദൈവാലയങ്ങളുടെയും നേരെ നടന്നു കൊണ്ടിരിയ്ക്കുന്ന ആക്രമണങ്ങളും നമ്മുടെ വർത്തമാനകാലാനുഭവങ്ങളല്ലെ? പാവപ്പെട്ട സാധാരണ ജനങ്ങൾ എന്തെങ്കിലും കാര്യത്തിന് ഓഫീസിൽ ചെന്നാൽ കൈക്കൂലി കൊടുക്കാതെ കാര്യങ്ങൾ നടക്കില്ല എന്നത് "കൈയൂക്കുള്ളവൻ കാര്യക്കാരൻ" എന്ന ചൊല്ല് ശരിവയ്ക്കുന്നതല്ലെ?

രോഗത്തിന്റെ വേദന രോഗം മാറുന്നതിന് സഹായകമാണ്. വേദനനഷ്ടപ്പെട്ടാലൊ? വേദനയില്ലാത്ത രോഗം മാരകമാണ്, ഭീകരമാണ്! മനുഷ്യന്റെ മനസ്സാക്ഷി അതുപോലെ മരവിച്ചാൽ അതും മാരകവും ഭീകരവുമാകും. അഹങ്കാരം നിറഞ്ഞ ജനത്തിന്റെ പരിശ്രമം (ബാബേൽ ഗോപുരം, ഉല്പ. 11: 7-9) എങ്ങനെ തകർന്ന് തരിപ്പണമായിയെന്നും തിന്മകൾ കൊണ്ടുനിറഞ്ഞ പട്ടണങ്ങൾ (സോദോം, ഗൊമോറ, ഉല്പ. 19: 23-29) എങ്ങനെ കത്തി ചാമ്പലായെന്നും പാപത്തിൽ മുഴുകിയ ജനതകൾ എങ്ങനെജലപ്രളയത്തിൽ മുങ്ങി നശിച്ചെന്നും വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതോടൊപ്പം, പശ്ചാത്തപിച്ച നിനവേ നിവാസികൾ എങ്ങനെനാശത്തിൽ നിന്ന് വിമുക്തമായിയെന്ന് ജോനാ പ്രവാചകനും സാക്ഷ്യപ്പെടുത്തുന്നുണ്ട് (ഉല്പ. 7: 17-24). "നിനിവേ നിവാസികൾ ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഒരു ഉപവാസം പ്രഖ്യാപനം ചെയ്യുകയും എല്ലാവരും (വലിയവരും ചെറിയവരും) ചാക്കുവസ്ത്രം ധരിക്കുകയും ചെയ്തു. തങ്ങളുടെ ദുഷ്ടതയിൽ നിന്ന് അവർ പിൻമാറിയിരിക്കുന്നുവെന്ന് അവരുടെ പ്രവൃത്തികളിൽ നിന്ന് തന്നെ തെളിഞ്ഞപ്പോൾ ദൈവത്തിന് സഹതാപമുണ്ടായി. താൻ ചെയ്യാനുദ്ദേശിച്ചവ അവിടുന്ന് പ്രാവർത്തികമാക്കിയില്ല" (3:5,10).

ആകയാൽ, നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ നവീകരണത്തിനുവേണ്ടി നാം ആത്മാർത്ഥമായി ത്യാഗപൂർവ്വം ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വ്യക്തി ജീവിതത്തിലും കുടുംബങ്ങളിലും സമൂഹത്തിലും മുഴച്ചുനില്ക്കുന്ന തിന്മകളും ദുശ്ശീലങ്ങളും തെറ്റായ പ്രവണതകളും ഇല്ലാതാകണം എന്ന നിർബന്ധബുദ്ധി നമുക്കുണ്ടാകണം. സഭയുടെയും രാഷ്ട്രത്തിന്റെയും നേതൃനിരയിലുള്ളവർ മാത്രം ശ്രമിച്ചാൽ അത് നടക്കില്ല. ഓരോ സഭാതനയനും പൗരനും തികഞ്ഞ അർപ്പണബോധത്തോടെ ഈ തീരുമാനം ഒരു തപസ്യയായി സ്വീകരിക്കണം. സമൂഹത്തിൽ വളർന്ന് വരുന്ന തിന്മകളെപ്പറ്റി സാക്ഷാൽ വേദനനമുക്കനുഭവപ്പെടണം. തിന്മയെപ്പറ്റി നഷ്ടപ്പെട്ട വികാരം നാം വീണ്ടെടുക്കണം. അതിനു പരിഹാരം ചെയ്യണം. ജോയേൽ പ്രവാചകന്റെ വാക്കുകൾ ഇത്തരുണത്തിൽ വളരെ പ്രസക്തമാണ്: "ആകയാൽ കർത്താവ് അരുൾ ചെയ്യുന്നു; ഇപ്പോഴെങ്കിലും ഉപവാസത്തോടും കണ്ണുനീരോടും വിലാപത്തോടും കൂടെ ഹൃദയപൂർവ്വം എന്റെ പക്കലേക്ക് തിരിയുവിൻ" (2:12).

എന്നാൽ ദൈവസ്വരം ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്തുകൊണ്ടുള്ള പ്രാർത്ഥനയും നോമ്പും ഉപവാസവും ദാനധർമ്മവും മാത്രമേ ജീവിത നവീകരണത്തിനും ദൈവാനുഭവത്തിനും ദൈവകൃപയ്ക്കും ഉപകരിക്കുകയുള്ളൂ. എത്രയോ പേർ ആണ്ടുതോറും മലയാറ്റൂർക്കും ശബരിമലയ്ക്കും ഗുരുവായൂർക്കും മെക്കയിലേക്കും വേളാങ്കണ്ണിയ്ക്കും തിരുപ്പതിയ്ക്കും മറ്റും പ്രാർത്ഥിച്ച്, നോമ്പ് നോറ്റ്, ഉപവസിച്ച്, ദാനധർമ്മം ചെയ്ത് തീർത്ഥാടനം ചെയ്യുന്നു. അങ്ങനെയുള്ള ഒരുപാടു പേരുടെ ശൈലിയിലും കാഴ്ചപ്പാടുകളിലും നിലപാടുകളിലും യാതൊരു മാറ്റവും കാണുന്നില്ലല്ലൊ. അതിനുള്ള കാരണം ജീവിതനവീകരണം ലക്ഷ്യമാക്കാത്ത പ്രാർത്ഥനകളും നോമ്പും ഉപവാസവും ദാനധർമ്മവും മറ്റും ദൈവതിരുമുമ്പാകെ കൃപാപൂരിതമാകില്ല എന്നതാണ്. ഇതു സംബന്ധിച്ച ഇസയാസ് പ്രവാചകന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ".... ദിവസം മുഴുവനും ആത്മമർദ്ദനം നടത്തുന്നതും ഞാങ്കണയെ പോലെ തലകുനിക്കുന്നതും ചാക്കും ചാരവും വിരിച്ച് കിടക്കുന്നതുമാണോ ഞാൻ അഭിലഷിക്കുന്ന ഉപവാസം? നിങ്ങൾ അതിനെഉപവാസമെന്നും കർത്താവിന് ഇഷ്ടപ്പെട്ട ദിവസമെന്നും വിളിക്കുന്നല്ലൊ! അന്യായ ബന്ധങ്ങൾ നീക്കുകയും നുക

ത്തിന്റെ കയറുകൾ അഴിയ്ക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും തകർക്കുകയും വിശക്കുന്നവർക്ക് നിങ്ങളുടെ അപ്പം ഭാഗിച്ചുകൊടുക്കുകയും അലഞ്ഞു നടക്കുന്നവർക്ക് നിങ്ങളുടെ വീട്ടിൽ പ്രവേശനം നല്കുകയും നഗ്നന് വസ്ത്രം നല്കുകയും നിങ്ങളുടെ സ്വന്തപ്പെട്ടവരെ നിന്ദിക്കാതിരിക്കുകയും ചെയ്യുക. ഇതാണ് ഞാൻ അഭിലഷിക്കുന്ന ഉപവാസം" (58:5-7)

അതുകൊണ്ട്, യഥാർത്ഥ നോമ്പുകാല ചൈതന്യവുമായി നമുക്ക് മുന്നേറാം. ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും നമ്മേയും നമ്മുടെ കുടുംബങ്ങളേയും അകറ്റുന്ന വൈരാഗ്യം, മദ്യപാനം, മയക്കുമരുന്ന്, കൈക്കൂലി, പണത്തോടുള്ള ആർത്തി, ദാമ്പത്യ അവിശ്വസ്തത, പരദൂഷണം, അലസത എന്നീ തിന്മകളിൽ നിന്ന് ഒഴിഞ്ഞുമാറി യഥാർത്ഥജീവിത നവീകരണം സാധിക്കാൻ ഈ വർഷത്തെ നോമ്പും ഉപവാസവും തീർത്ഥാടനങ്ങളും ദാനധർമ്മങ്ങളും നമുക്ക് പ്രയോജനപ്പെടണം. അങ്ങനെ സഭാ പിതാവായ വി. ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകൾ- "നോമ്പുകാലം പുണ്യം പൂക്കുന്ന വസന്ത കാലം" - നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാകട്ടെ! ഈശോയുടെ ജീവിതത്തിലും പീഡാനുഭവയാത്രയിലും മരണത്തിലും മഹത്വത്തിലും അനുയാത്ര ചെയ്ത പ.അമ്മ ശക്തി പകരാൻ ഈ നോമ്പുകാലത്ത് നമ്മോടൊപ്പം ഉണ്ടാകാൻ വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ദൈവകൃപ നിങ്ങളോടൊപ്പം ഉണ്ടാകട്ടെ!

ഈശോയിൽ നിങ്ങളുടെ വത്സലപിതാവ്

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതയുടെ മെത്രാൻ

NB. ഈ ഇടയലേഖനം 15.02.2015 ഞായറാഴ്ച രൂപതയിലെ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും പൊതുജനത്തിനു വേണ്ടി വി. കുർബ്ബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബ്ബാനമദ്ധ്യേ വായിക്കണം.

+ PA

# രാമനാഥപുരം രൂപത

## സമർപ്പിതവർഷാചരണം (2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ)

## പരിപാടികൾ

രൂപതാ വൈദികസമ്മേളനത്തിലും പാസ്റ്ററൽകൗൺസിൽ ജനറൽബോഡി മീറ്റിങ്ങിലും വൈദിക സമ്മേളനത്തിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും സന്യസ്തരുടെയും അജണ്ടാ കമ്മിറ്റികളുടെ സംയുക്ത മീറ്റിങ്ങുകളിലും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സമർപ്പിത വർഷത്തിന്റെയും സമർപ്പിതരുമായി ബന്ധപ്പെട്ട് തുടർ വർഷങ്ങളിലേയും പ്രവർത്തനപരിപാടികൾ താഴെ കൊടുത്തിരിക്കുന്നു.

രൂപതാ തലത്തിൽ സമർപ്പിതവർഷക്കമ്മിറ്റിയും (3 അജണ്ടാ കമ്മിറ്റികൾ + ഫൊറോനാ വികാരിമാർ) ഫൊറോനാ തലത്തിൽ ഫൊറോനകൗൺസിലും ഇടവക തലത്തിൽ വികാരിയച്ചനും സന്യാസ സമൂഹാധികാരികളും കൈക്കാരന്മാരുമടങ്ങുന്ന സമിതിയുമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കേണ്ടത്.

സൗകര്യത്തിനുവേണ്ടി സമർപ്പിത വർഷത്തിലും തുടർവർഷങ്ങളിലും ചെയ്യേണ്ട കാര്യങ്ങൾ അതാത് നമ്പറുകളിൽ പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്. അത് പ്രത്യേകം ശ്രദ്ധിക്കുക.

### A) ഇടവക / സന്യാസഭവനതലത്തിൽ

a) ഓരോ വർഷവും ഫെബ്രുവരി 02-നോ അത് കഴിഞ്ഞു വരുന്ന ഏറ്റവും സൗകര്യമുള്ള ദിവസമോ സമർപ്പിതദിനമായി ആചരിക്കുക (പ്രത്യേക കുർബ്ബാനയും സമർപ്പിത ജീവിതത്തെപ്പറ്റിയുള്ള ആഹ്വാനവും സമർപ്പിതരെ ആദരിക്കലും)

b) സമർപ്പിത വർഷത്തിന്റെ 'ലോഗോ' ഉൾപ്പെട്ട പോസ്റ്റർ വചനവേദിയിൽ സമർപ്പിതവർഷം കഴിയുന്നതുവരെ സ്ഥിരമായി പ്രദർശിപ്പിക്കുക.

c) സമർപ്പിത വർഷത്തിന്റെ തിരി ഞായറാഴ്ചകളിലും മറ്റു ആഘോഷമുള്ള ദിവസങ്ങളിലും വി. കുർബ്ബാനയുടെ സമയത്ത് കത്തിക്കുക.

d) സമർപ്പിത വർഷത്തിന്റെ വിജയത്തിന് വേണ്ടിയുള്ള കാറോസൂസാ പള്ളികളിലും / മിഷൻ സെന്ററുകളിലും സന്യാസ ഭവനങ്ങളിലും വി. കുർബ്ബാനമദ്ധ്യേ ചൊല്ലുക. കാറോസൂസ താഴെ കൊടുത്തിരിക്കുന്നു.

e) ഇടവകയുടെ / മിഷൻ സെന്ററിന്റെ പൊതുയോഗത്തിന്റെയും കുടുംബക്കൂട്ടായ്മാ ഏകോപനസമിതിയുടെയും സംഘടനാ ഏകോപനസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സഭയിൽ സന്യസ്തരുടെയും അല്മായരുടെയും അവകാശങ്ങളേയും ചുമതലകളേയുംപ്പറ്റിയും ഇടവകയുടെ അജപാലനശുശ്രൂഷയിൽ വൈദികനോട് ഇരുകൂട്ടരും ഏതെല്ലാം രീതിയിൽ സഹകരിക്കണം എന്നതിനെപ്പറ്റിയും പഠിക്കുകയും പ്രായോഗിക തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക. ഇടവകയുടെ / മിഷൻ കേന്ദ്രത്തിന്റെ ചാർജ്ജുള്ള വൈദികനും ഇടവക / മിഷൻ കേന്ദ്രാതിർത്തിയിലെ സന്യാസസമൂഹങ്ങളുടെ അധികാരികളും കൈക്കാരന്മാരുമടങ്ങുന്ന സമിതിയാണ് ഇക്കാര്യത്തിന് നേതൃത്വം വഹിക്കേണ്ടത്.

f) വർഷത്തിലൊരിക്കലെങ്കിലും മേൽപ്പറഞ്ഞ സമിതിയുടെ നേതൃത്വത്തിൽ ഇടവകയിലെ / മിഷൻ സെന്ററിലെ, പ്രതിനിധിയോഗങ്ങളുണ്ടെങ്കിൽ അതിന്റെ അംഗങ്ങളെയും, കുടുംബകൂട്ടായ്മ ഏകോപനസമിതിയേയും സംഘടനകളുടെ ഏകോപനസമിതിയേയും സന്യാസസമൂഹാംഗങ്ങളെയും വിളിച്ചുകൂട്ടി അജപാലനശുശ്രൂഷയുടെ വിവിധ രംഗങ്ങളെ അപഗ്രഥനം ചെയ്ത് വിലയിരുത്തി പുരോഗതിയ്ക്ക് ആവശ്യമായ തീരുമാനങ്ങളെടുക്കണം. സന്യസ്തരുടെ നിയമപരമായ പരിമിതികളും അവരുടെ സന്യാസത്തിന്റേതായ തനിമയും മനസ്സിലാക്കാനും അംഗീകരിക്കാനും കൂടി ബന്ധപ്പെട്ടവർ ഇത്തരുണത്തിൽ ശ്രമിക്കണം.

g) ഇടവക / മിഷൻ സെന്റർ അതിർത്തിയിലുള്ള വ്യത്യസ്ത സന്യാസസമൂഹാംഗങ്ങൾ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും പരസ്പരം സന്ദർശിച്ച് ആശയങ്ങൾ പങ്കുവയ്ക്കുകയും പരസ്പരം സഹായിക്കാനും സഹകരിക്കാനും പറ്റുന്ന മേഖലകളെ കണ്ടെത്തി അക്കാ

ര്യങ്ങൾ നടപ്പിലാക്കാനും ശ്രമിക്കണം. ഇക്കാര്യത്തിനു ബന്ധപ്പെട്ട വികാരിയച്ചനും / കപ്ളോനും സന്യാസ സമൂഹാധികാരികളും നേതൃത്വം വഹിക്കണം.

h) <u>സന്യസ്തരുടെ കുടുംബ സന്ദർശനം</u> ഒരിക്കലും നില യ്ക്കാത്ത പതിവാക്കണം. അതിന്റെ കുറവ് സന്യസ്തരും അല്മാ യരും തമ്മിലുള്ള അകൽച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഭവനസന്ദർശനം എല്ലാ സമർപ്പിതർക്കും നിർബന്ധമാകണം. അതിലൂടെ ലഭിക്കുന്ന കുടുംബങ്ങളെപ്പറ്റിയുള്ള അറിവ് രഹസ്യമായി സൂക്ഷിക്കണം. പരാതികളും അഭിപ്രായങ്ങളും ആവശ്യമെങ്കിൽ വികാരിയച്ചനോടും സന്യാസഭവനാധികാരികളോടും മാത്രം പറയാം.

i) സുവിശേഷവല്ക്കരണത്തിനും കുടുംബങ്ങളുടെ വിശുദ്ധീ കരണവും ഭദ്രതയും ഉറപ്പുവരുത്തുന്നതിനും എസ്.എം.ആർ.സി. യുടെ നേതൃത്വത്തിൽ മാധ്യമങ്ങളുടെ സൃഷ്ടിപരമായ ഉപയോഗം സംബന്ധിച്ച് സമർപ്പിതർക്കുവേണ്ടി ക്ലാസ്സുകൾ സംഘടിപ്പിക്കണം.

**<u>ഫൊറോനാ തലത്തിൽ:</u>**

ഫൊറോനാതിർത്തിയിലുള്ള സന്യസ്തരേയും കൈക്കാരന്മാ രേയും പാസ്റ്ററൽ കൗൺസിൽ, ഫൊറോനാ കൗൺസിൽ അംഗങ്ങ ളെയും ഫൊറോനവികാരിയച്ചൻ വർഷത്തിലൊരിക്കലെങ്കിലും വിളി ച്ചുകൂട്ടി അവരെ കേൾക്കുകയും അജപാലനത്തെപ്പറ്റിയുള്ള അവരുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ആകാംഷകളും ശ്രവിക്കുകയും പര സ്പരമുള്ള ബന്ധങ്ങളും ചെയ്യുന്ന ശുശ്രൂഷകളും കൂടുതൽ ഹൃദ്യമാ ക്കുകയും ഫലപ്രദമാക്കുകയും വേണം. അപ്രകാരമുള്ള മീറ്റിങ്ങിന്റെ റിപ്പോർട്ട് പ്രായോഗിക നിർദ്ദേശങ്ങളോടെ രേഖാമൂലം രൂപതാകാര്യാലയത്തിൽ ഫൊറോനാ വികാരിയച്ചൻ അറിയിക്കുകയും വേണം.

**<u>രൂപതാ തലത്തിൽ:</u>**

1. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതുപോലെ, രൂപതാദ്ധ്യ ക്ഷൻ വർഷത്തിലൊരിക്കലെങ്കിലും സന്യാസസമൂഹാംഗങ്ങളെ തിരിച്ച് തിരിച്ച് കാണാനും കേൾക്കാനും ശ്രമിക്കണം.

2. രൂപതാതിർത്തിയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്, കൗൺസിലംഗങ്ങൾ + രാമനാഥപുരം രൂപതാതിർത്തിയിലെ Contact Persons + രൂപതാ കാര്യാലയംഗങ്ങൾ എന്നിവരുടെ സംയുക്ത യോഗം വർഷത്തിലൊരിക്കൽ (ജനുവരി 28-ന്) കൂടുന്നത് തുടരണം.

3. സമർപ്പിതവർഷം പ്രമാണിച്ച്, ഏറ്റവും സൗകര്യമുള്ള സമയത്ത്, രൂപതയ്ക്ക് പുറത്ത് ശുശ്രൂഷ നിർവ്വഹിക്കുന്ന രൂപതാംഗങ്ങളായ സമർപ്പിതരുടെയും (വൈദികരും സന്യസ്തരും ബ്രദേഴ്സും വൈദിക-സന്യാസാർത്ഥികളും) രൂപതയ്ക്കുള്ളിൽ ശുശ്രൂഷ നിർവ്വഹിക്കുന്ന സമർപ്പിതരുടെയും ഒരു സംഗമം രൂപതാ തലത്തിൽ സംഘടിപ്പിക്കണം. അതിന് രൂപതാ സമർപ്പിത വർഷ കമ്മിറ്റി നേതൃത്വം നല്കണം. സമർപ്പിതരുടെ മാതാപിതാക്കളെ തദവസരത്തിൽ ആദരിക്കുകയും വേണം.

4. <u>രൂപതയിൽ നിന്നുള്ള സമർപ്പിതരുടെ</u> (രൂപതയുടെ അജപാലന- പ്രേഷിതരംഗങ്ങളിൽ ആദ്യകാലങ്ങളിൽ അദ്ധ്വാനിച്ച് മൺമറഞ്ഞ് പോയവരും ജീവിച്ചിരിക്കുന്നവരുമുൾപ്പെടെയുള്ളവരുടെ) വിശദാംശങ്ങളും സമർപ്പിത വർഷത്തെ പരിപാടികളും ഉൾപ്പെടുത്തി ഒരു ഡയറക്ടറി കം സോവനീർ സമർപ്പിത വർഷത്തിൽ പ്രസിദ്ധീകരിക്കണം. അതിനു രൂപതാ സമർപ്പിതവർഷക്കമ്മിറ്റി തന്നെയാണ് നേതൃത്വം വഹിക്കേണ്ടത്.

5. <u>സന്യസ്തരുടെ കുടുംബ സന്ദർശനം കൂടുതൽ ഫലപ്രദമാക്കാൻ</u> ആവശ്യമായ കൗൺസിലിങ് പരിശീലനം രൂപതാ തലത്തിൽ സംഘടിപ്പിക്കണം. രൂപതാകാര്യാലയവും എസ്.എം.ആർ.സി. രാമനാഥപുരം യൂണിറ്റും അതിന് നേതൃത്വം വഹിക്കണം.

6. <u>രൂപതയിലെ ഓരോ കുടുംബവും സമർപ്പിതരുടെ ദത്തു കുടുംബമായിരിയ്ക്കണം.</u> a). ഇടവക / മിഷൻ സെന്റർ തലത്തിൽ അത് വീതിച്ച് നല്കാൻ സമർപ്പിത വർഷക്കമ്മിറ്റി നേതൃത്വം വഹിക്കണം. b). ബന്ധപ്പെട്ട വികാരിയച്ചന്റെ അറിവോടും സമ്മതത്തോടും കൂടി ബന്ധപ്പെട്ട പള്ളിയുടെ നോട്ടീസ് ബോർഡിൽ ആ ഇടവകയിലെ

/ മിഷൻ കേന്ദ്രത്തിലെ ദത്തു കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം. c). എല്ലാ സമർപ്പിതരും അവരവരുടെ ദത്തുകുടുംബങ്ങൾക്കു വേണ്ടി സമർപ്പിത വർഷത്തിൽ പ്രത്യേകം പ്രാർത്ഥിക്കണം. d). അത്തരം കുടുംബങ്ങളിൽ നിന്ന് സമർപ്പിതർ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുകയും വേണം.

7) SMRC യുടെ നേതൃത്വത്തിൽ സമർപ്പിത വർഷം സംഘടിപ്പിച്ചിരിക്കുന്ന പരിപാടികൾ രൂപതയുടെ പൊതുപരിപാടികളുമായി ചേർന്നുപോകുന്നുവെന്ന് SMRC ഉറപ്പുവരുത്തണം.

***കുർബാന മദ്ധ്യേ ചൊല്ലാനുള്ള കാറോസൂസ (ഇതിന് മുമ്പ് തന്നത് ഉപേക്ഷിക്കാം)***

സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ പുത്രനായ ഈശോ ജീവിച്ച് കാണിച്ചുതന്ന അനുസരണത്തിന്റെയും ബ്രഹ്മചര്യത്തിന്റെയും കന്യാത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും ജീവിതത്തിലൂടെ അങ്ങയെ മഹത്വപ്പെടുത്താൻ അങ്ങ് വിളിച്ചനുഗ്രഹിച്ച സമർപ്പിതരെ ഞങ്ങൾ പ്രത്യേകം സ്മരിക്കുന്നു. തങ്ങളുടെ വിളിയിൽ ഉറച്ച് നിൽക്കാനും ആനന്ദം കണ്ടെത്തുവാനും അങ്ങയുടെ ഹിതമനുസരിച്ച് തീക്ഷ്ണതയോടെ ശുശ്രൂഷ നിർവ്വഹിക്കാനും അവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

മേൽപ്പറഞ്ഞ കാര്യങ്ങൾ ബന്ധപ്പെട്ട മേഖലകളിൽ കഴിയുന്നതും വേഗത്തിൽ നടപ്പിലാക്കാൻ ഓരോ കാര്യത്തിനും നിയോഗിക്കപ്പെട്ടവർ എത്രയും വേഗം ഒരുമിച്ച് കൂടി വേണ്ടതു ചെയ്യണം.

മുൻകൂട്ടി നന്ദിപറയുന്നു.

സ്നേഹപൂർവ്വം ഈശോയിൽ



**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാ മെത്രാൻ

# COMMEMORATION OF ST. JOSEPH & INTERCESSORY PRAYER FOR THE CHURCH LEADERSHIP IN THE HOLY QURBANA (ENGLISH)

**C :** Glory be to the Father, and to the Son, and to the Holy Spirit./ Let there be the commemoration of the Blessed Virgin Mary, the Mother of God and St. Joseph, the just at this holy altar.

**C :** For the Supreme Pontiff in Rome, the ruler and the head of the universal Church Pope (Name)…………………………….. ; for the Major Archbishop, the father and head of our Church, Mar (Name)…………………………………..; for the Metropolitan of our Province Mar (Name)................, for the father and head of our eparchy, Mar (Name)………………………., for all bishops, for the entire holy Catholic Church, for priests, consecrated persons, lay missionaries, rulers, and for all those who are in authority.

**A :** Lord, graciously receive this Qurbana.

(As per the direction from the Major Archiepiscopal Curia, Kakkanad)



**Mar Paul Alappatt**
Bishop of Ramanathapuram

# രൂപതാ കാര്യാലയം

## A. ഓർമ്മിക്കേണ്ട ദിവസങ്ങൾ

2015 ഫെബ്രുവരി

2 – നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം
4 – വി. ജോൺ ബ്രിട്ടോ
6 – ആദ്യ വെള്ളി
11 – ലൂർദ്ദ് മാതാവ് (ആഗോളരോഗീദിനം)
15 – അമ്പതുനോമ്പാരംഭം
16 – വിഭൂതി തിങ്കളാചരണം
17 – വൈദികരുടെ നോമ്പുകാല മാസധ്യാനം
22 – വി. പോളിക്കാർപ്പ

## B. അമ്പതു നോമ്പാരംഭം – വിഭൂതി തിരുനാൾ (ഉപവാസദിനം)

ഫെബ്രുവരി 15 ഞായറാഴ്ച പാതിരാവിൽ നോമ്പ് ആരംഭിക്കുന്നു. 16–ാം തീയതിയിലെ വിഭൂതിയാചരണത്തോടെ നോമ്പ് ഔദ്യോഗികമായി ആരംഭിക്കും. 18 വയസ്സു മുതൽ 60 വയസ്സു വരെയുള്ളവർക്ക് ഉപവാസം നിർബന്ധമാണ്.

മനുഷ്യരക്ഷയ്ക്കായി ഈശോമിശിഹായിലൂടെ പൂർത്തിയാക്കപ്പെട്ട പെസഹാരഹസ്യങ്ങളുടെ ഓർമ്മ ആചരിക്കുന്ന വലിയാഴ്ചയിലേക്ക് ജനത്തെ ആത്മീയമായി സജ്ജമാക്കാൻ പ്രാർത്ഥനയും നോമ്പും ഉപവാസവും ധ്യാനവും ദാനധർമ്മവും മറ്റു പ്രായശ്ചിത്ത പ്രവൃത്തികളും വഴി ഇക്കാലഘട്ടത്തിൽ വൈദികർ പ്രത്യേകം ശ്രമിക്കണം.

## C. വൈദികരുടെ മാസധ്യാനവും സമ്മേളനവും

അമ്പത് നോമ്പാചരണത്തിന് സഹായകമായി വൈദികരുടെ മാസധ്യാനവും സമ്മേളനവും 10.02.2015 ചൊവ്വാഴ്ച കാലത്ത് 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ രാമനാഥപുരത്ത് വെച്ചായിരിക്കും. സ്ഥലം പിന്നീട് അറിയിക്കുന്നതാണ്. രൂപതയിൽ അജപാലനശ്രുശ്രൂഷയിലുള്ള എല്ലാ വൈദികരും ധ്യാനത്തിലും സമ്മേളനത്തിലും ആദ്യന്തം നിർബന്ധമായും പങ്കുചേരണം.

## D. വിവാഹാഘോഷത്തിന് മുടക്ക്

15.02.2015 ഞായറാഴ്ച പാതിരാവ് മുതൽ 05.4.2015 (ഈസ്റ്റർ) ഞായർ വരെ വിവാഹാഘോഷം പാടില്ല. അക്കാര്യം ജനങ്ങളെ നേരത്തെ അറിയിക്കുകയും അമ്പതുനോമ്പ് കാലഘട്ടത്തിൽ കഴി

യുന്ന പരമാവധി മനസ്സമ്മതവും വിവാഹവും നടത്താതിരിക്കാൻ ജന ങ്ങളോട് ആവശ്യപ്പെടുകയും വേണം.

**E. നോമ്പുകാല പിരിവ്**

നോമ്പുകാലത്ത് ദൈവാലയങ്ങളിലും കുടുംബങ്ങളിലും സന്യാസഭവനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സമാഹരി ക്കുന്ന പിരിവിന്റെ 10%, വിശപ്പിലും രോഗത്തിലും കഴിയുന്നവരുടെ ക്ഷേമത്തിനു വേണ്ടി രൂപതയിലും ആഗോളതലത്തിലും നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി 15.04.2015-ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏല്പിക്കണം.

**F. മൂന്നാം പാസ്റ്ററൽ കൗൺസിലിന്റെ നാലാം സമ്മേളനം**

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത ജനറൽ ബോഡി മീറ്റിങ് 14.03.2015 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമനാഥപുരത്ത് വച്ചായി രിക്കും. ഇത് അറിയിപ്പും ക്ഷണവുമായി സ്വീകരിക്കണം. വേറെ ക്ഷണ ക്കത്ത് അയയ്ക്കുന്നതല്ല. എല്ലാവരും മീറ്റിങ്ങിൽ വന്ന് പങ്കെടുക്കണം. "ചർച്ചാസഹായി" അന്യത്ര ചേർത്തിരിക്കുന്നു.

**G. ദൈവവിളി വാരാചരണം**

ഈ വർഷം "ദൈവവിളിവാര"മായി നാം ആചരിക്കുന്നത് ഏപ്രിൽ 12 മുതൽ 18 വരെയുള്ള ആഴ്ചയിലാണ്. a) ഏപ്രിൽ 12 ഞായ റാഴ്ച ഉച്ചകഴിഞ്ഞ് 5 മണി മുതൽ 15 ബുധനാഴ്ച കാലത്ത് 10 മണി വരെയായിരിക്കും 10,12+ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടി കൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള രൂപതാതല ദൈവവിളി ക്യാമ്പ്. അതിനായി ഇപ്പോൾ മുതൽ തന്നെ കുട്ടികളെ വേണ്ടവിധം ഒരുക്കാൻ ബ. വൈദികരും സന്യസ്തരും മതാദ്ധ്യാപകരും പ്രത്യേകം ശ്രമിക്കണം. b) ദൈവവിളി സ്വീകരിച്ചവർക്കും ദൈവവിളി പുതുതായി സ്വീകരിക്കുന്നവർക്കും വേണ്ടിയുള്ള രൂപതാതല "പ്രാർത്ഥന ഉപവാ സയജ്ഞം" ഏപ്രിൽ 13 തിങ്കളാഴ്ച കാലത്ത് 9.30 മുതൽ ഏപ്രിൽ 18 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 5 മണിവരെയാണ്. ദൈവവിളിവാരവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പിന്നീട് അറിയിയ്ക്കുന്നതാണ്.

**H. സമർപ്പിതവർഷാചരണം**

ഇടവക-ഫൊറോന-രൂപതാ തലങ്ങളിൽ സമർപ്പിത വർഷാ ചരണത്തിന്റെ ഭാഗമായി നടപ്പാക്കേണ്ട കാര്യങ്ങൾ (action plan) അന്യത്ര ചേർത്തിരിക്കുന്നു. പരമാവധി കാര്യക്ഷമമായും സമയബന്ധിതമായും ഈ വർഷം അർത്ഥപൂർണ്ണമായി ആചരിക്കാൻ ബ. വൈദികരും സന്യസ്തരും അല്മായ പ്രതിനിധികളും നേതൃത്വം

വഹിക്കണം.

## I. Permissions / approvals:

1. The newly constituted Prathinidhiyogam of St. Clotilda's parish, Podannur granted approval for a period of three years (Order No. 184/14 dated 20-12-2014)
2. Permission granted to St. Jude's Mission centre, Dharapuram for construction of the Compound wall (Order No. 01/15 dated 03-1-2015)

## h. Appointments:

1. Fr. Jaison Kulapurath, MST relieved Priest-in charge, St. Antony's Mission centre & Chaplain, FC convent, Andankovil, Karur w.e.f. 16-1-2015 (Order No. 02/15 dated 03-1-2015)

Fr. Thomas Chirackal, MST appointed Priest-in charge, St. Antony's Mission centre & Chaplain, FC convent, Andankovil, Karur w.e.f. 16-1-2015 until further orders (Order No. 03/15 dated 03-1-2015)



**Msgr. George Narikuzhi**
Syncellus

# BISHOP'S ENGAGEMENTS

**February - 2015**

| | |
|---|---|
| 01 | Resource Team class, Gandhipuram |
| | Bible Convention, Holy Mass & Message, Gandhipuram |
| 02- 4 | Engaged |
| 07 | Baptism, Ollukara |
| 08 | Holy Mass at Karunya Chapel, Karunya Nagar |
| 10 | Committee meeting, Jadayampalayam School |
| | Monthly Recollection of Priests & Priest's Conference |
| 11 | Baptism, Valappad |
| | Marriage blessing & Holy Mass, Dolours' Basilica, TCR |
| | Holy Mass, CHF, Olarikara |
| 12 | Class, Minor Seminary |
| 14 | Capping Ceremony, Engandiyoor |
| 15 | Holy Mass and Meeting at Salem |
| 16 | Ash Monday, Holy Mass, Ramanathapuram |
| 24 | Episcopal ordination, Kulithalai (Kottar) |
| 25 | To Kunnoor (Ootty) for TNBC |
| 26 | TNBC, Kunnoor (Ootty) |
| 27 | Class, Minor Seminary (Vadakkukad) |

# BISHOP'S DIARY

**ജനുവരി 2015:**

01 പൊറത്തൂർ പള്ളിയിൽ വിവാഹം ആശീർവദിച്ച് ദിവ്യബലിയർപ്പിച്ചു.
വരാക്കര സെന്റ് ആന്റണീസ് പള്ളിയിൽ ഫാ. തോമസ് ആലേക്കളം CMI യ്ക്ക് തിരുപ്പട്ടം നല്കി.

02 രാമനാഥപുരം കത്തീഡ്രലിൽ ഫാ. ജോൺസൺ വീപ്പാട്ടുപറമ്പിലിന്റെ ജൂബിലി കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നല്കി.

04 നെല്ലിക്കുന്ന് പള്ളിയിൽ തിരുനാൾ കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിച്ച് സന്ദേശം നല്കി.

05 – 9 കാക്കനാട് "മൗണ്ട് സെന്റ് തോമസി"ൽ സീറോ മലബാർ സഭാ മെത്രാൻമാരുടെ സിനഡിൽ സംബന്ധിച്ചു.

10 ഒല്ലൂർ പള്ളിയിൽ വി. എവുപ്രാസ്യമ്മയുടെ നാമകരണ കൃതജ്ഞതാബലിയിൽ പങ്കെടുത്തു.

11 രാമനാഥപുരം കത്തീഡ്രലിലെ തിരുനാൾ കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിച്ചു, സന്ദേശം നല്കി.

12 – 16 മേരിമാതാ മേജർ സെമിനാരിയിൽ 3–ാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

14 തൃശൂർ ചെമ്പൂക്കാവ് ഹോളിഫാമിലി സ്കൂളിന്റെ വാർഷികാഘോഷ പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു.

15 ചേലക്കര ലിറ്റിൽ ഫ്ളവർ സ്കൂളിന്റെ വാർഷികാഘോഷ പരിപാടിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

17 ഉക്കടം ഹോളിഫാമിലി സ്കൂളിൽ വിവാഹത്തിനൊരുക്കമായ കോഴ്സിൽ പങ്കെടുക്കുന്നവർക്ക് ക്ലാസ്സെടുത്തു.

18 പൂമാർക്കറ്റ് പള്ളിയിൽ ദിവ്യബലിയർപ്പിച്ചു.
– ചിന്താമണി പുത്തൂരിലെ ഡിവൈൻ ധ്യാനഇല്ലത്തിലെ കൺവെൻഷനിൽ സന്ദേശം നല്കി.

- രാമനാഥപുരം കത്തീഡ്രലിൽ വിവാഹം ആശീർവദിച്ച് ദിവ്യബലിയർപ്പിച്ചു.
- ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസ്സെടുത്തു.

19 പോത്തന്നൂർ പള്ളിയിൽ വിവാഹം ആശീർവദിച്ച് ദിവ്യബലിയർപ്പിച്ചു.

20 വടക്കുക്കാട് മൈനർ സെമിനാരി കമ്മിറ്റി മീറ്റിങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

- ഈറോഡ് എഫ്.സി. സിസ്റ്റേഴ്സിന്റെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

21 രാമനാഥപുരത്ത് എഫ്.സി. സിസ്റ്റേഴ്സിന്റെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

22 ജഡയംപാളയം സെന്റ് ജോസഫ്സ് സ്കൂൾ വാർഷികാഘോഷത്തിൽ പങ്കെടുത്ത് സംസാരിച്ചു.

24 ഉക്കടം ഹോളിഫാമിലി സ്കൂളിന്റെ വാർഷികാഘോഷ പരിപാടിയിൽ പങ്കെടുത്തു.

25 തൃശൂർ ഡോളേഴ്സ് ബസിലിക്കയിൽ വിവാഹം ആശീർവദിച്ച് ദിവ്യബലിയർപ്പിച്ചു.

- തിരുപ്പൂർ പള്ളിയിൽ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു.

26 വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്ത് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

27 വൈദികരുടെ ഫൗശേഴൽ പങ്കെടുത്തു.

28 രൂപതാകാര്യാലയംഗങ്ങളുടെയും സന്യാസ മേജർസുപ്പീരിയേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും വാർഷിക സംയുക്ത സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

29 പൊള്ളാച്ചി (മഹാലിംഗപുരം) ആരോഗ്യമാതാ സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കുചേർന്നു.

30 രാമനാഥപുരം അൽവേർണിയ സ്കൂൾ വാർഷിക ആഘോഷത്തിൽ പങ്കുചേർന്നു.

# FINANCE OFFICE

| A. | SEMINARY FUND | February 2015 |
|---|---|---|
| 1. | Mr.K. P. Thomas, Ondipudur, Coimbatore | |
| 2. | Dr. George Zacharia, Ramanathapuram | |
| 4. | Mr. Jibu Thomas & Family, Saibaba Colony, Coimbatore | |
| 5. | Miss. Riny Sunil, Karamkattil House , Pollachi | |
| 6. | Mr. C. G. Johnson & Family, Ramanathapuram | |
| 7. | Mr. John Antony Kalluveettil ,Edayapalayam, Coimbatore | |
| 8. | Mr. Raju Cherian & Family, Krishna Colony, Singanallur | |
| 9. | Mr. C. O. Thomas & Mrs. SunithaThomas, Chittilappilly House, Veloor | |

| B. | SEMINARY GENERAL FUND | |
|---|---|---|
| 1. | The Parishioners, Infant Jesus Church, Edayapalayam | Rs.20,000/- |
| 2. | Sri. K. P. Jose, Ramanathapuram | Rs.5,000/- |
| 3. | Mathrusangam, Lourde Forane Church, Gandhipuram | Rs.10,000/- |
| 4. | Holy Family Convent, Ukkadam | Rs.10,000/- |
| 5. | Fr. Seby Kundukulam | Rs.5,000/- |
| 6. | Mary Rani Convent, Gandhipuram | Rs.2,000/- |
| 7. | Fr. Johnson Veepattuparambil, Ramanathapuram | Rs.1,00,000/- |
| 8. | Mr. V.K. Joy & Family, Veepattuparambil House, Kumbidy | Rs.30,000/- |
| 9. | Seraphic Provincial House FCC, Palakkad | Rs.1,00,000/ |
| 10. | Mr. C. K. Simon & Family, Ramanathapuram | Rs.25,000/- |
| 11. | Family Kootaima Co- Ordination Committee, Holy TrinityCathedral | Rs.1,00,000/- |

**C.PASTORAL CENTRE**

| | | |
|---|---|---|
| 1. | Nirmalamatha Convent Matric Hr. Sec. School, Kuniamuthur | Rs.25,000/- |
| 2. | St. Elisabath Church, Suleswarampatti , Pollachi | Rs.50,000/- |
| 3. | Jai Christo Provincial House, Palakkad | Rs.50,000/- |

| | | |
|---|---|---|
| 4. | Mr. T. K. Cyriac, Sowripalayam, Coimbatore | Rs.35,000/- |
| 5. | Mr. Mathew Augusthy, Puthenpurakal House, Edakadatty | Rs.5,000/- |
| 6. | Mr. K.V. Varghese & Family, Kochukunnel House, Velichiyani | Rs.10,000/- |
| 7. | Mr. Kevin Alphonse, Kuniyamuthur | Rs.10,000/ |
| 8. | St. Sebastian Church, Nellikkunnu, TCR | Rs.50,000/- |

**D. YESU NIDHI**

**BENEFACTORS**

| | | |
|---|---|---|
| 1. | Mr. A. K. Johnson & Family, Sulur Aero | Rs.2,000/- |

**BENEFICIARY**

| | | |
|---|---|---|
| 1. | Mr. John C. L. | Rs.10,000/- |
| 2. | Mrs. Annamma George | Rs.20,000/- |

**E. CONTRIBUTION TO THE MAINTENANCE FUND OF THE EPARCHY**

| | | |
|---|---|---|
| 1. | Holy Trinity Cathedral,Ramanathapuram | Rs.1,21,110/- |
| 2. | Mercy Mission Centre, Kangayam | Rs.6,050/- |
| 3. | St. Antony 's Church, Karur | Rs.4,150/- |
| 4. | St. Alphonsa Church, Palladam | Rs.11,100/- |
| 5. | St. Sebastian Church, Ukkadam | Rs. 28,480/- |
| 6. | St. Luke Church, Valparai | Rs.43,550/- |
| 7. | Jeevan Jyothi Center, Chinnathottipalayam | Rs.6,950/- |
| 8. | Good Shepherd Church, Karamadai | Rs.18,650/- |
| 9. | St . Joseph's Church, Mettupalayam | Rs.18,200/- |
| 10. | Little Flower Church, Sai Baba colony | Rs.70,150/- |
| 11. | Holy Family Church, Athipalayampirivu | Rs.76,601/- |
| 12. | St. Paul Church, Pollachi | Rs.60,745/- |
| 13. | St. Elizabath Church, Suleswarampatty | Rs.7,410/- |
| 14. | Lourde Forane Church, Gandhipuram | Rs.1,44,720/- |
| 15. | Lourde Matha Forane Church, Erode | Rs.35,550/- |
| 16. | St. Antony 's Church, Sasthrinagar | Rs.18,000/- |
| 17. | Mount Carmel Church, Tirupur | Rs.43,550/- |

| S. No. | Name 2014-2015 | Mission Sunday | Family Apostulate | Youth Day | Jesus Youth | Peter's Penny | Media Day | Bible Sunday | S.M.Mission Sunday | S.M.Church Day | Justice Sunday | HolyChild Hood | Santhom Voice | C.M.L. | Social Service | Carismatic | Catechism | Triyekam |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Chennimalai | 14441 | 50 | 50 | 50 | 50 | 50 | 50 | 50 | 100 | 50 | 50 | 250 | 50 | 50 | 50 | 50 | |
| 2 | Dharapuram | | | | | | | | | | | | | | | | | |
| 3 | Edayapalayam | 64000 | 500 | 500 | 200 | 250 | 300 | 250 | 250 | 1500 | 200 | 250 | 250 | 250 | 1000 | 250 | 1000 | |
| 4 | Erode | 100000 | 350 | 250 | 300 | 250 | 250 | 250 | 600 | 1000 | 300 | 300 | 250 | 300 | 400 | 300 | 400 | |
| 5 | Gandhipuram | 70000 | 1000 | 1000 | 1000 | 500 | 500 | 1000 | | 2000 | 1000 | 1000 | 250 | 1000 | 2000 | 1000 | 5000 | |
| 6 | Kangayam | 26515 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 100 | 100 | 1200 |
| 7 | Karamadai | | | | | | | | | | | | | | | | | |
| 8 | Karur | 10000 | 50 | 50 | 50 | 100 | 50 | 100 | 200 | 50 | 50 | 50 | 250 | 50 | 100 | 50 | 100 | 1440 |
| 9 | Kavundampalayam | | | | | | | | | | | | | | | | | |
| 10 | Kniamuthur | | | | | | | | | | | | | | | | | |
| 11 | Mettupalayam | | | | | | | | | | | | | | | | | |
| 12 | Palladam | | | | | | | | | | | | | | | | | |
| 13 | Viswasapuram | 25000 | 500 | 200 | 200 | 100 | 100 | 100 | | 500 | 100 | | 250 | 200 | | | 250 | |
| 14 | Podanur | | | | | | | | | | | | | | | | | |
| 15 | Pollachi | 41990 | | | | | | | 5175 | | | | | | | | | |
| 16 | Athipalayampirivu | 40000 | | | | | | | | | | | | | | | | |
| 17 | R.S.Puram | | | | | | | | | | | | | | | | | |
| 18 | Ramanathapuram | | | | | | | | | | | | | | | | | 40000 |
| 19 | Saibaba Colony | 53000 | 500 | 300 | 300 | 500 | 5760 | 300 | 300 | 4300 | 300 | 300 | 250 | 300 | 1000 | 300 | 500 | 10800 |
| 20 | Sasthrinagar | | | | | | | | | | | | | | | | | |
| 21 | Suleswaranpatty | 17280 | | | | | | | 2225 | | | | | | | | | |
| 22 | Sulur Aero | | | | | | | | | | | | | | | | | |
| 23 | Tirupur | 25000 | 100 | 100 | 100 | 100 | 100 | 100 | 100 | 600 | 100 | 100 | 250 | 50 | 100 | 100 | 100 | |
| 24 | Udumalpet | 5000 | 200 | 100 | 100 | 100 | 100 | 150 | 100 | 400 | 100 | 100 | 250 | 100 | 300 | 100 | 300 | |
| 25 | Ukkadam | 30000 | 250 | 300 | 250 | 250 | 300 | 300 | | 550 | 250 | 250 | 250 | 250 | 250 | 250 | 500 | |
| 26 | Valparai | 5000 | 500 | 300 | 200 | 300 | 300 | 300 | 400 | 1000 | 200 | 1500 | 250 | 250 | 300 | 200 | 500 | |
| 27 | Vadakukkad | 12000 | | | | | | | | | | | | | | | | |
| 28 | Chinnathottipalayam | 4400 | | | | | | | | | | | | | | | | |
| 29 | Annur | 3000 | | | | | | | | | | | | | | | | |

# സഭാ വാർത്തകൾ

**ലോകമെങ്ങും കത്തോലിക്കർ വർദ്ധിക്കുന്നു :**

മതപീഡനങ്ങൾ വർദ്ധിക്കുമ്പോഴും ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ പേരിൽ വേട്ടയാടപ്പെടുമ്പോഴും ലോകമെങ്ങുമുള്ള കത്തോലിക്കരുടെ എണ്ണത്തിൽ വർദ്ധന. പുതിയ കണക്കുകളനുസരിച്ച് ഒറ്റ വർഷം കൊണ്ട് ലോകവ്യാപകമായി 15 മില്യൻ കത്തോലിക്കരുടെ വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. “ചർച്ചസ് ബുക്ക് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്” അനുസരിച്ച് “ഫിദെസ് ന്യൂസ്” ഏജൻസി പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് ഈ വിവരം.

**വലിയ കുടുംബങ്ങളെ സമൂഹത്തിന് ആവശ്യമുണ്ട് :**

പങ്കുവയ്ക്കലിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നൽകിക്കൊണ്ട് വലിയ കുടുംബങ്ങൾ സമൂഹത്തെ സഹായിക്കുന്നുണ്ടെന്ന് ഫ്രാൻസീസ് മാർപ്പാപ്പ. വലിയ കുടുംബങ്ങളുടെ കൂട്ടായ്മ സമൂഹത്തിന് വലിയ പ്രതീക്ഷയാണ് നൽകുന്നത്. പ്രായോഗികമായ സഹായത്തിനും അറിവ് ലഭിക്കുന്നതിനും വല്യപ്പന്റെയും വല്യമ്മയുടെയും സാന്നിധ്യം വളരെ പ്രധാനപ്പെട്ടതാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ യൂറോപ്പിലെ പല രാജ്യങ്ങളിലും മുത്തച്ഛനിലൂടെയും മുത്തശ്ശിയിലൂടെയുമാണ് വിശ്വാസം അടുത്ത തലമുറയിലേയ്ക്ക് പകരപ്പെട്ടതെന്ന് മാർപ്പാപ്പാ പറഞ്ഞു.

**വി. ജോൺപോൾ രണ്ടാമന്റെ കബറിടത്തിൽ അഗ്ക**

1981-ൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയെ വധിക്കാൻ വെടിയുതിർത്ത മദ് അലി അഗ്ക സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മാർപ്പാപ്പയുടെ കബറിടം സന്ദർശിച്ചു. വെള്ള റോസാപൂക്കൾ അഗ്ക കബറിടത്തിൽ സമർപ്പിക്കുകയും ചെയ്തു. 1983-ൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ അഗ്കയെ റോമിലെ ജയിലിൽ എത്തി സന്ദർശിച്ചിരുന്നു. അതിന്റെ 31-ാം വാർഷിക ദിനത്തിലായിരുന്നു അഗ്കയുടെ സന്ദർശനം.

**ക്യൂബ - കത്തോലിക്കാ സഭാ ബന്ധം സൗഹൃദത്തിന്റെ പുതിയ തലത്തിലേക്ക്**

ഏറെ കാലത്തെ അടിച്ചമർത്തലിനും ചെറുത്തുനിൽപ്പിനും ശേഷം ക്യൂബയിലെ ഭരണകൂടവും കത്തോലിക്കാസഭയും തമ്മിലുള്ള ബന്ധം സൗഹാർദ്ദത്തിന്റെ പുതിയ തലത്തിലേക്ക് പ്രവേശിച്ചു. കഴിഞ്ഞ അര നൂറ്റാണ്ടിന്റെ ചരിത്രത്തിലാദ്യമായി ക്യൂബയിലെ കത്തോലിക്കാസഭയ്ക്കു പുതിയ രണ്ടു പള്ളികൾ പണിയാൻ സർക്കാർ അനുമതി നൽകി. ഒരു ഡസനിലേറെ പള്ളികളും പള്ളിമേടകളും പുന:നിർമ്മിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**പാപത്തിന്റെ അടിമത്തം കാലത്തെ നൈമിഷകമാക്കുന്നു പോപ്പ് ഫ്രാൻസീസ്**

പാപത്തിന്റെ അടിമത്തം കാലത്തെ വെറുമൊരു നിമിഷത്തിലേക്കു ചുരുക്കുകയാണെന്ന് ഫ്രാൻസീസ് മാർപ്പാപ്പാ പ്രസ്താവിച്ചു. ഭൂതകാലത്തെ ശൂന്യമാക്കുകയും നിത്യതയിലേക്കുള്ള ഭാവിയുടെ വാതിൽ അടച്ചിടുകയും ചെയ്തുകൊണ്ട് വർത്തമാനകാലം പൂർണമായും സത്യമായും ജീവിക്കുന്നതിൽ നിന്നു പാപം നമ്മെ തടയുന്നു. എന്നിട്ടും ഈ അടിമത്തത്തിനായി നാം ദാഹിക്കുന്നു. കാരണം അതു നമുക്കു സുരക്ഷാബോധം നൽകുന്നു. ഈ ദാഹം കരിമരുന്നു പ്രയോഗങ്ങളോടുള്ള ആഗ്രഹം പോലെയാണ്. അവ മനോഹരമായി കാണപ്പെടും. പക്ഷേ ഏതാനും നിമിഷം മാത്രമേ അവ നില നിൽക്കുകയുള്ളൂ - മാർപാപ്പാ വിശദീകരിച്ചു.

സമയത്തിന്റെ പൂർണതയിൽ ദൈവം തന്റെ പുത്രനെഅയച്ചുവെന്ന ഗലാത്തിയർക്കുള്ള ലേഖനത്തിലെ വാക്കുകൾ വിചിന്തനം ചെയ്തുകൊണ്ട് സമയത്തെ കേന്ദ്രീകരിച്ചായിരുന്നു മാർപാപ്പയുടെ നവവത്സര സന്ദേശം. സമയത്തെ ദൈവം തൊടുകയും അതിനെരക്ഷാകര സമയമാക്കുകയും ചെയ്തുവെന്നു മാർപാപ്പാ പറഞ്ഞു. ജീവിതത്തിന്റെ അന്ത്യത്തെക്കുറിച്ചു ചിന്തിക്കാൻ സമയമെന്ന പ്രമേയം നമ്മെ പ്രചോദിപ്പിക്കുന്നു. നമ്മുടെ മന:സാക്ഷിയെ പരിശോധിച്ചുകൊണ്ട്, നമ്മുടെ പ്രവർത്തികളെ അവലോകനം ചെയ്തുകൊണ്ട്, നാം സ്വീകരിച്ച നന്മകൾക്കു നന്ദി പറയാനും അതോടൊപ്പം നമ്മുടെ ബലഹീനതകളെയും പാപങ്ങളെയും ഓർക്കാനും നമുക്കു സാധിക്കണം. കൃതജ്ഞതാ മനോഭാവം നമ്മിൽ എളിമ നിറയ്ക്കുന്നു. കർത്താവിന്റെ ദാനങ്ങളെ തിരിച്ചറിയാനും സ്വീകരിക്കാനും അതു നമ്മെ സഹായിക്കുന്നു. മാർപ്പാപ്പ വിശദീകരിച്ചു.

# കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം

**രോഗീ ലേപനത്തിന്റെ ഫലങ്ങൾ**

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിൽ 1520,21,22,23,1532 എന്നീ നമ്പറുകളിൽ ഈ കൂദാശയുടെ ഫലങ്ങൾ സവിസ്തരം വ്യക്തമാക്കുന്നുണ്ട്. ഈ കൂദാശയുടെ ഒന്നാമത്തെ ഫലം, ഗൗരവമുള്ള രോഗത്തിന്റെയോ വാർദ്ധക്യ സഹജമായ ക്ഷീണത്തിന്റെയോ അവസ്ഥയിലെ പ്രയാസങ്ങളെ തരണം ചെയ്യാനുള്ള ധീരതയുടെയും സമാധാനത്തിന്റെയും ശക്തിപ്പെടുത്തലിന്റെയും കൃപാവരം പരിശുദ്ധാത്മാവിന്റെ ഒരു ദാനമായി ലഭിക്കുന്നു എന്നതാണ്. ഈ കൂദാശാ സ്വീകരണത്തിലൂടെ ദൈവത്തിലുള്ള ആശ്രയബോധവും വിശ്വാസവും പുതുക്കുന്നു. ദുഷ്ടാരൂപിയുടെ പ്രലോഭനങ്ങൾക്കെതിരെ, അതായത് മരണത്തിന്റെ മുമ്പിലുള്ള മനസ്സിടിയലിന്റെയും ഭീതിയുടെയും പ്രലോഭനത്തിനെതിരെ രോഗിയെ ശക്തിപ്പെടുത്തുന്നു. കർത്താവിൽ നിന്ന് പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ ലഭിക്കുന്ന ഈ സഹായം രോഗിയെ ആത്മാവിന്റെ സൗഖ്യത്തിലേയ്ക്ക് നയിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. എന്നാൽ, ദൈവം തിരുമനസ്സാകുന്ന പക്ഷം ശരീരത്തിന്റെ സൗഖ്യവും ലഭിക്കാം. പാപാവസ്ഥയിലാണ് രോഗിയെങ്കിൽ, അയാളുടെ പാപങ്ങൾക്ക് മാപ്പുലഭിക്കുന്നതിനും ഈ കൂദാശ കാരണമാകാമെന്ന് ട്രെന്റ് കൗൺസിൽ പഠിപ്പിക്കുന്നു.

CCC 1521- ൽ, ഈ കൂദാശയുടെ രണ്ടാമത്തെ ഫലമായി പറയുന്നത് ക്രിസ്തുവിന്റെ പീഡാ സഹനത്തോടുള്ള ഐക്യമാണ്. രോഗീലേപനമെന്ന കൂദാശയുടെ കൃപാവരം കൊണ്ട്, രോഗി ക്രിസ്തുവിന്റെ പീഡാനുഭവത്തോട് തന്നെത്തന്നെ കൂടുതൽ ഗാഢമായി ഐക്യപ്പെടുത്തുന്നതിനുള്ള ശക്തിയും ദാനവും സ്വീകരിക്കുന്നു. കർത്താവിന്റെ രക്ഷാകരമായ പീഢാനുഭവത്തോട് അനുരൂപപ്പെട്ടുകൊണ്ട് ഫലം പുറപ്പെടുവിക്കാൻ വേണ്ടി, ഒരു വിധത്തിൽ രോഗി അഭിഷിക്തനാവുകയാണ് ചെയ്യുന്നത്. ഉത്ഭവ പാപത്തിന്റെ അനന്തരഫലമായ സഹനത്തിന് ഒരു പുതിയ അർത്ഥം കൈവരുന്നു. അത് യേശുവിന്റെ രക്ഷാകര പ്രവൃത്തിയിലുള്ള ഒരു ഭാഗ ഭാഗിത്വമായിതീരുന്നു.

മൂന്നാമത്തെ ഫലത്തെ സഭാത്മകമായ കൃപാവരമെന്നാണ് CCC നിർവ്വചിക്കുന്നത്. ക്രിസ്തുവിന്റെ പീഢാസഹനത്തോടും മരണത്തോടും തങ്ങളെത്തന്നെ സ്വതന്ത്രമനസ്സോടെ ചേർത്തുകൊണ്ട് ദൈവജനത്തിന്റെ നന്മയ്ക്ക് സംഭാവനനൽകുകയാണ് രോഗി ചെയ്യുന്നത്. ഈ കൂദാശ ആഘോഷിച്ചുകൊണ്ട്, സഭ പുണ്യവാന്മാരുടെ ഐക്യത്തിൽ രോഗിയുടെ നന്മയ്ക്കായി മാധ്യസ്ഥ്യം വഹിക്കുന്നു. ഈ കൂദാശയുടെ കൃപാവരത്തിലൂടെ സഭയുടെ വിശുദ്ധീകരണത്തിനും എല്ലാ മനുഷ്യരുടെയും നന്മയ്ക്കും വേണ്ടി രോഗി തന്റെ സഹനത്തെ സമർപ്പിക്കുന്നു. എല്ലാ മനുഷ്യർക്കും വേണ്ടിയാണ് സഭ സഹിക്കുകയും ക്രിസ്തുവിലൂടെ തന്നെത്തന്നെ പിതാവായ ദൈവത്തിന് കാഴ്ചയർപ്പിക്കുകയും ചെയ്യുന്നത്.

അന്തിമയാത്രയ്ക്കുള്ള തയ്യാറെടുപ്പ് എന്ന വിധത്തിലാണ് നാലാമത്തെ ഫലത്തെ മതബോധനഗ്രന്ഥം (CCC) വിശദീകരിക്കുന്നത്. ഗുരുതരമായ രോഗവും തളർച്ചയുമുള്ള എല്ലാവർക്കും നൽകാവുന്ന കൂദാശയാണ് രോഗീലേപനമെങ്കിൽ, അതിനേക്കാൾ കൂടുതൽ ന്യായയുക്തമാണ് ഈ ലോകത്തിൽ നിന്ന് പിരിഞ്ഞു പോകാനുള്ള നിമിഷത്തിൽ എത്തിയവർക്ക് അത് നൽകുന്നത് എന്നാണ് CCC പഠിപ്പിക്കുന്നത്. മാമ്മോദീസായിൽ തുടങ്ങിവച്ച ക്രിസ്തുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടുമുള്ള നമ്മുടെ അനുരൂപപ്പെടൽ രോഗീലേപനത്തിൽ പൂർത്തിയാക്കപ്പെടുന്നു. ക്രൈസ്തവ ജീവിതത്തെ മുഴുവനും അടയാളപ്പെടുത്തുന്ന വിശുദ്ധ അഭിഷേകങ്ങളെ, അതായത് നമ്മിലെ നവജീവിതത്തെ മുദ്രിതമാക്കിയ മാമ്മോദീസയുടെയും ഈ ജീവിത സമരത്തിന് നമ്മെ ശക്തരാക്കിയ സ്ഥൈര്യലേപനത്തിന്റെയും അഭിഷേകങ്ങളെ രോഗീലേപനം പൂർത്തിയാക്കുന്നു. പിതാവിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനു മുൻപുള്ള അന്തിമ സമരത്തിനുവേണ്ടി ദൃഢമായ ഒരു കോട്ടയെന്നപോലെ അന്തിമലേപനം നമ്മുടെ ജീവിതത്തിന്റെ അന്തിമഘട്ടത്തെ ബലപ്പെടുത്തുന്നു.

ചുരുക്കത്തിൽ താഴെപറയുന്ന വിധത്തിൽ രോഗീലേപനമെന്ന കൂദാശയുടെ ഫലങ്ങളെ മനസ്സിലാക്കാം.

1. രോഗിയെ ക്രിസ്തുവിന്റെ പീഢാസഹനത്തോട്, രോഗിയുടെ തന്നെയും സഭമുഴുവന്റെയും പ്രയോജനത്തിനായി ഐക്യപ്പെടുത്തുന്നു.
2. രോഗത്തിന്റെയോ വാർദ്ധക്യത്തിന്റെയോ സഹനങ്ങളെ ക്രൈസ്ത

വമായ രീതിയിൽ നേരിടുവാനുള്ള ബലപ്പെടുത്തലും സമാധാനവും ധീരതയും നൽകുന്നു.

3. രോഗിയ്ക്ക് അനുതാപകൂദാശയിലൂടെ പാപമോചനം നേടാൻ സാധിച്ചിട്ടില്ലെങ്കിൽ ഈ കൂദാശയിലൂടെ പാപങ്ങളുടെ മോചനം ലഭിക്കുന്നു.

4. രോഗിയുടെ ആത്മരക്ഷയ്ക്കുതകുന്ന പക്ഷം ആരോഗ്യത്തിന്റെ വീണ്ടെടുക്കൽ സാധ്യമാക്കുന്നു.

5. നിത്യജീവിതത്തിലേയ്ക്ക് നടന്നുപോകുന്നതിനുള്ള ഒരുക്കം നടക്കുന്നു.

**ചെവിട്ടോർമ്മ**

മാർതോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യമനുസരിച്ച് അന്ത്യശ്വാസം വലിക്കുന്ന രോഗിയുടെ ചെവികളിൽ ഓതിക്കൊടുക്കുന്ന ദൈവസാന്നിധ്യ സ്മരണയുടെ സൂക്തമാണിത്. ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുമ്പോൾ അവർണനീയമായ വിരഹവേദനയുടെ നിമിഷങ്ങളിലൂടെ ആയിരിക്കും ഒരു വ്യക്തി കടന്നുപോവുക. ഈ അവസരത്തിലും ദൈവീകചിന്ത നിലനിറുത്താൻ സഹായകമായ വിധത്തിൽ രോഗിയുടെ ചെവിയിൽ ഈശോയെ രക്ഷിക്കണമേ, മാതാവേ സഹായിക്കണമേ, യൗസേപ്പിതാവേ കൂട്ടായിരിക്കണമേ എന്ന് ചൊല്ലിക്കൊടുക്കുന്നു.

ഈശോയെ രക്ഷിക്കണമേ (ഈശോ രക്ഷിക്ക) എന്ന രക്ഷാകര വചനം "പിതാവേ നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെഞാൻ സമർപ്പിക്കുന്നു" എന്നുച്ചരിച്ചുകൊണ്ട് ജീവൻ വെടിഞ്ഞ മിശിഹായുടെ കരങ്ങളിൽ തങ്ങളുടെ ആത്മാവിനെസമർപ്പിക്കാൻ പ്രചോദനം നൽകുന്നു. മാതാവേ സഹായിക്കണമേ എന്ന മധ്യസ്ഥ പ്രാർത്ഥന, നന്മ നിറഞ്ഞ മറിയമേ പ്രാർത്ഥനയിൽ "ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചു കൊള്ളണമേ" എന്ന അപേക്ഷയെ അനുസ്മരിപ്പിച്ചുകൊണ്ട് പരിശുദ്ധ അമ്മ തന്റെ ശക്തിയേറിയ മാധ്യസ്ഥവുമായി മരണാസന്നരുടെ സഹായത്തിനായി അവരുടെ സമീപത്ത് ഓടിയെത്തുന്നതിനെഓർത്ത് സമാശ്വാസിക്കുന്നതിന് സഹായിക്കുന്നു. യൗസേപ്പിതാവേ കൂട്ടായിരിക്കണമേ എന്ന ആവർത്തനം ഈശോയുടെയും പരിശുദ്ധ മറിയത്തിന്റെയും സാന്നിദ്ധ്യത്തിൽ മരണം പ്രാപിക്കാൻ ഭാഗ്യം ലഭിച്ച നല്ല മരണത്തിന്റെ മദ്ധ്യ

സ്ഥനായ വിശുദ്ധ യൗസേപ്പിതാവ് തങ്ങളെയും കൂട്ടിക്കൊണ്ടുപോകുന്നതിനായി അരികെ എത്തുന്നതോർത്ത് സന്തോഷിക്കാൻ ഇടയാക്കുന്നു.

ഇങ്ങനെ, ശാന്തമായി ആത്മാവിനെ ദൈവ തൃക്കരങ്ങളിൽ സമർപ്പിക്കുവാൻ ചെവിട്ടോർമ്മ ചൊല്ലിക്കൊടുക്കൽ മരണാസന്നരെ സഹായിക്കുന്നു.

## സെമിനാരി വിശേഷങ്ങൾ

**ക്രിസ്തുമസ് ആശംസകളുമായി.....**

ക്രിസ്തുവിന്റെ ജനനത്തിന്റെ സ്നേഹസന്ദേശം വിളിച്ചോതികൊണ്ട് പൊള്ളാച്ചി ഇടവക കരോളും ഹോളിഫാമിലി സിസ്റ്റേഴ്സും, അതുപോലെ പാലക്കാട് FCC, നിർമ്മലദാസി സമൂഹങ്ങളും സെമിനാരി സന്ദർശിച്ചു.

**ക്രിസ്തുമസ്സ് അനുഭവം പങ്കുവെച്ച്.....**

ക്രിസ്തുമസ്സിന് ഒരുക്കമായി 2014-ലെ അവസാനത്തെ മാസധ്യാനം നടത്തപ്പെട്ടു. ക്രിസ്തുവിന്റെ ആത്മീയാനുഭവം പങ്കുവെച്ചുകൊണ്ട് മാസധ്യാനം നയിച്ച ബ. റാഫേൽ CMI അച്ചന് സെമിനാരി കുടുംബത്തിന്റെ സ്നേഹോഷ്മളമായ നന്ദി.

**ഹായ്!!! ക്രിസ്തുമസ്സ്....**

ക്രിസ്തുമസ്സിന്റെ പുണ്യസ്മരണകളുണർത്തി സെമിനാരിയിൽ Semi-Christmas ആഘോഷിച്ചു. സെമിനാരി കുടുംബമൊന്നായി സംഘടിപ്പിച്ച പുൽക്കൂട്, ക്രിസ്തുമസ്സ് ട്രീ & കരോൾ എന്നിവയും, എന്നാൽ അതിലുപരിയായി പരസ്പരമുള്ള സമ്മാനങ്ങളുടെ കൈമാറ്റവും ഐക്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായി മാറി.

**വീണ്ടും ഒരു അവധിക്കാലം....**

ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും ആനന്ദം ആസ്വദിച്ചുകൊണ്ട് അവധിക്കാലം ചെലവിടുവാനും വിവിധ തിരുപ്പട്ട ശുശ്രൂഷകളിൽ പങ്കെടുക്കുവാനുമായി സെമിനാരി വിദ്യാർത്ഥികൾ ഡിസംബർ 21-ാം തീയതി സ്വന്തം ഇടവകകളിലേക്ക് യാത്രയായി. അവധിക്കാലത്തിന് വിട ചൊല്ലിക്കൊണ്ട് ജനുവരി 4-ാം തീയതി എല്ലാവരും തിരികെയെത്തുകയും ചെയ്തു.

**2014....വിട.....2015:**

ജീവിതത്തിൽ ഓർമ്മകൾ മാത്രം അവശേഷിപ്പിച്ചുകൊണ്ട് 2014 യാത്രയായി. സെമിനാരി കുടുംബമൊന്നായി പുത്തൻ തീരുമാനങ്ങളുമായി പുതുവത്സരം 2015-നെ വരവേറ്റു.

**മുന്നോട്ട്....:**

പുതുവർഷത്തിൽ പുതുതായി പണിതീർത്ത വിശ്രമമുറിയിലേക്ക് എല്ലാവരും മാറിതാമസിച്ചു.

**പ്രകാശമേ നയിച്ചാലും:**

ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ ജ്ഞാനസ്നാനത്തിന്റെ ഓർമ്മകളുണർത്തി സെമിനാരിയിൽ പരമ്പരാഗതമായ രീതിയിൽ തന്നെ ദനഹാത്തിരുനാൾ ആഘോഷിച്ചു.

**നാമഹേതുകതിരുനാൾ:**

ഭാരതത്തിലെ വിശുദ്ധനായ ചാവറയച്ചന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധന്റെ നാമധേയം സ്വീകരിച്ച് വിശുദ്ധന്റെ മാതൃക ജീവിതത്തിൽ പകർത്തി ജീവിക്കുന്ന സിബിയച്ചന്റെ നാമഹേതുക തിരുനാൾ സെമിനാരി കുടുംബം സമുചിതമായി ആഘോഷിച്ചു.

**ആത്മാവിന്റെ ചൈതന്യവുമായി പുത്തൂരച്ചൻ:**

പുതുവർഷത്തിലെ ആദ്യമാസധ്യാനത്തിലൂടെ സെമിനാരി വിദ്യാർത്ഥികൾക്കിടയിൽ ആത്മാവിന്റെ നവചൈതന്യം നിറച്ച ജോസഫ് പുത്തൂരച്ചന് സെമിനാരി കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

**സ്നേഹസന്ദർശനവുമായി സൂളൂർ ഇടവകാംഗങ്ങൾ:**

സ്നേഹത്തിന്റെ അനുഭവം പങ്കുവെച്ചുകൊണ്ട് സൂളൂർ ഇടവകാംഗങ്ങളും വികാരിയച്ചനും സെമിനാരി സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

**Sponsered by,**

30 chairs: Holy Family Sisters

Arogiamatha - Pollachi

**Fr. Joy Chittilappilly**

Rector

# മതബോധനം

1.02.2015

Resource Team Seminar will be held on 1st February, 2015 (Sunday ) at 2.00 p.m.

15.02.2015

Centralized valuation of Answer sheets of Standard 10 and HDC -2 will be held on 15th February,2015 Sunday from 9.30 a.m. to 5.00 p.m. ( 8th being Parish feast @ Gpm) Kindly arrange to send X and HDC –II teachers for valuation of Answer papers without fail. Please see page 23 of the diary for further details.

22.02.2015

Second Semester Examination for Standard 1 to 9 will be held on 22 Feb. 2015. You are requested to collect the question papers and the Keys from the centre on 15th Feb. 2015. Pl. note that you will have to provide answer sheets at your end. Answer sheets will not be supplied by the Centre.

**REMINDER:**

**Portions for Scholastic Test to be held on 15 March, 2015:**

**( Notes for study in respect of G.K. of Sathyadeepam sent to all the units both in Malayalam and English. Those who want to write the test in Malayalam have to inform the Centre in advance to provide Mal. Q.P.)**

| | |
|---|---|
| a. G.K. from Sathyadeepam (Jan.2014 to Dec. 2014 ) | 40 |
| b. G.K. from G.K. book supplied.( Questions only from 1 to 160) | 40 |
| c. St. Luke Chap: 13-24 | 20 |
| | ----- |
| | 100 |
| | ----- |
| d. Pastoral letters and “Your Doubts” from Triyekam ( Deciding factor). | 5 |
| Total | 105 Marks. |

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സെൻട്രൽ കമ്മറ്റി അംഗങ്ങളും, ഇടവകയിലെ പ്രാർത്ഥനാ കൂട്ടായ്മ അംഗങ്ങളും 3.01.2015–ൽ കുനിയമുത്തൂർ ഇടവകയിൽ ഒത്തുചേർന്നു. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് ബ്രദർ ജോസ് ടി. ആർ. നേതൃത്വം നല്കി. സി. ലിസി റാഫേൽ വചനസന്ദേശവും ജീവിതസാക്ഷ്യവും പകർന്നു തന്നു. കുനിയമുത്തൂർ ഇടവക വികാരി ഫാ. ജോൺസൺ അന്തിക്കാടൻ സമാപനപ്രാർത്ഥന നയിച്ചു. തുടർന്നു നടന്ന മീറ്റിംഗിൽ മുൻ

മാസത്തെ നൈറ്റ് വിജിൽ ശ്രുശ്രൂഷയുടെ അവലോകനം നടത്തുകയും ജനുവരി മാസത്തിൽ പുതിയ സമയക്രമമനുസരുച്ചുള്ള ശ്രുശ്രൂഷകൾക്ക് അംഗങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തു. കൂട്ടായ്മയ്ക്കായ് സ്ഥലവും സൗകര്യങ്ങളും ഒരുക്കിതന്ന കുനിയമുത്തൂർ ഇടവക വികാരിക്കും ഇടവകാംഗങ്ങൾക്കും പ്രത്യേകം നന്ദി.

ഫെബ്രുവരി മാസത്തെ നൈറ്റ് വിജിൽ 13-ാം തീയതി വൈകിട്ട് 9 മണിക്ക് ആരംഭിച്ച് 14-ാം തീയതി രാത്രി 2 മണിയോടെ അവസാനിക്കുന്നു. വലിയ നോമ്പിന്റെ ആരംഭത്തിൽ നടത്തപ്പെടുന്ന ഈ ശ്രുശ്രൂഷയിൽ വചനം പങ്കുവെക്കുന്നതും, സാക്ഷ്യം പകരുന്നതും മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ ബ്രദർ മാരിയോ ജോസഫാണ്. സാധിക്കുന്ന എല്ലാവരെയും കൂട്ടിക്കൊണ്ടുവരുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് പുത്തൂർ (ഡയറക്ടർ)**



## പിതൃവേദി

**Gandhipuram**

| | | |
|---|---|---|
| President | : | Paul Mathew |
| V. President | : | C D Jose |
| Secretary | : | Francis P Varghese |
| Jt. Secretary | : | E K Jacob |
| Treasurer | : | M K Thomas |
| Executive Members | : | C G Antony |
| | | P K Antony |
| Internal Auditors | : | Edward Kennedy |
| | | P C James |

**അവയവദാനം**

ഒത്തൊരുമിക്കൂ... ഈ മഹായജ്ഞത്തിൽ പങ്കാളികളാകൂ. അവയവദാനത്തിനായി തയ്യാറായിട്ടുള്ള സുമനസ്സുകൾ പിതൃവേദിയുടെ യൂണിറ്റു ഭാരവാഹികളിലൂടെ രൂപതാ കേന്ദ്രത്തെ അറിയിക്കുമല്ലോ. ബഹു. വികാരിയച്ചൻ ഈ സദുദ്യമത്തെ വിജയിപ്പിക്കണമെ.



# പിതൃവേദി

## യൂണിറ്റ് തല തിരഞ്ഞെടുപ്പും രൂപതാതല റജിസ്ട്രേഷനും ഫ്രീ ബൈബിൾ കളക്റ്റ് ചെയ്തവരുടെയും ലിസ്റ്റ്

| | റെജിസ്ട്രേഷൻ നടത്തിയവർ (TOTAL MEMBERS) | പുതിയ ഭാരവാഹികളുടെ ലിസ്റ്റ് തന്നവർ | ബൈബിൾ മേടിച്ചവർ |
|---|---|---|---|
| രാമനാഥപുരം | X (46) | X | X |
| പോത്തന്നൂർ | X (25) | | X |
| കുനിയമ്മത്തൂർ | X (100) | | |
| ഗാന്ധിപുരം | X (82) | X | X |
| ഗണപതി | | X | X |
| പെരിയനായ്ക്കൻ പാളയം | | | X |
| കൗം പാളയം | X (123) | X | X |
| കാരമട | X (22) | X | X |
| സായിബാബ കോളനി | X (92) | X | |
| കരൂർ | X (09) | X | X |
| വാല്പ്പാറ | | | X |
| ഇടയപ്പാളയം | X (41) | X | |
| വിശ്വാസപുരം | X (23) | | X |
| പൊള്ളാച്ചി | X (49) | | X |
| സുലേശ്വരം പെട്ടി | | | X |
| ഉക്കടം | X (31) | X | X |
| തിരുപ്പൂർ | X (40) | | X |
| ഈറോഡ് | | X | X |
| ശാസ്ത്രിനഗർ | | | |
| പൂമാർക്കെറ്റ് | X (33) | | X |
| മേട്ടുപ്പാളയം | X (09) | X | X |
| ഉഡുമൽപ്പേട്ട് | X (23) | X | X |
| സുളൂർ | | | X |
| പല്ലടം | X (13) | | |
| ധാരാപുരം | | | X |
| തൊട്ടിപ്പാളയം | | | X |
| ചെന്നിമല | | | X |



# മാതൃസംഘം

**1. സമർപ്പിത ദിനം**

ഫെബ്രുവരി 2-ാം തീയതി സമർപ്പിതദിനമായി ആചരിക്കുക യാണല്ലോ. അന്നേ ദിവസം വി.കുർബാനയിൽ പങ്കെടുക്കുകയും സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുകയും ഇടവകയിലുള്ള എല്ലാ സമർപ്പിതർക്കും (വൈദികർ, സിസ്റ്റേഴ്സ്, വൈദീക സന്യാസ അർത്ഥികൾ) പൂക്കളും സമ്മാനങ്ങളും മാതൃസംഘടനനൽകി ആദരി ക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**2. ക്രിസ്തുമസ്സ് കരോൾഗാനവിജയികൾ**

**ഈറോഡ് ഫൊറോന**

Ist : Lourde Forane Church - Erode

**രാമനാഥപുരം ഫൊറോന**

Ist : Holy Trinity Cathedral Church, Ramanathapuram.
Iind : St. Sebastian Church, Ukkadam
IIIrd : St. Thomas Church, Sulur

**ഗാന്ധിപുരം ഫൊറോന**

Ist : Little Flower Church, Saibaba Colony
IInd : Infant Jesus Church, Edayapalayam
IIIrd : Holy Family Mission, Ganapathy

**നോമ്പുകാലം പരിഹാരത്തിന്റെ കാലം**

ഫെബ്രുവരി 15-ാം തീയതി മുതൽ 50 നോമ്പ് ആരംഭിക്കുകയാ ണല്ലോ. നോമ്പുകാലം നല്ല രീതിയിൽ അമ്മമാർ ആചരിക്കുക.

1. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.
2. വെള്ളിയാഴ്ചകളിൽ ഉപവാസവും കുരിശിന്റെ വഴിയിലും പങ്കെടുക്കുക.
3. ഇടവക ധ്യാനത്തിൽ സംബന്ധിക്കുകയും കുമ്പസാരിക്കുകയും ചെയ്യുക.
4. ദാനധർമ്മവും പരിഹാരയാത്രകളും നടത്തുക.

**രൂപത മാതൃസംഘടനയ്ക്ക് സംഭാവന നൽകിയ ഇടവകൾ**

| | | |
|---|---|---|
| രാമനാഥപുരം | - | 10500.00 |
| പോത്തന്നൂർ | - | 3000.00 |
| സായിബാബ കോളനി | - | 3000.00 |

ഇനിയും രൂപതയിലേക്ക് യൂണിറ്റുകൾ നൽകേണ്ട തുക വേഗ ത്തിൽ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

# ALTAR BOYS ASSOCIATION

സ്നേഹമുള്ള കുഞ്ഞുങ്ങളെ,

പരീക്ഷകൾക്കായുള്ള ഒരുക്കങ്ങൾ നന്നായി നടക്കുന്നുവെന്ന് കരുതുന്നു. അറിവിന്റെ ഉറവിടമായ ആത്മാവിന്റെ അഭിഷേകത്തിനായി മാതാവിനോട് പ്രാർത്ഥിക്കുക. നല്ല ഒരുക്കവും നല്ല വിജയവും ആശംസിക്കുന്നു. പരീക്ഷകളെല്ലാം കഴിഞ്ഞ് നമുക്ക് ഒന്നു ചേർന്ന് നമ്മുടെ സംഘടനയുടെ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കാം. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ഏപ്രിൽ മാസം 12 – 15 വരെ നടക്കുന്ന വൊക്കേഷൻ ക്യാമ്പിൽ അൾത്താര ബാലന്മാരായ 10,11,12 ക്ലാസ്സുകളിലെ എല്ലാവരും മുടങ്ങാതെ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുക.

Word of God:-
The human mind plans the way, but the Lord directs the steps (Prov.16:9)
Saint:- St. Euphrasia
Ejaculation:- Passion of Christ strengthen me

**Fr. Joy Chittilappilly**

# CYM

സെനറ്റ് മീറ്റിംഗ്

2015 ജനുവരി 4-ാം തീയതി CYM രൂപതാ സെനറ്റ് മീറ്റിംങ്ങ് മേട്ടുപാളയത്ത് വച്ച് നടത്തുകയുണ്ടായി. ഈ മീറ്റിംഗ് വിജയകരമാക്കാൻ സഹായിച്ച ബഹുമാനപ്പെട്ട ജോബി തെക്കിനേടത്ത് അച്ചനും മേട്ടുപാളയം CYM യൂണിറ്റിനും പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ യൂണിറ്റ് അംഗങ്ങൾക്കും നന്ദി.

അസി. ഡയറക്ടർ
**ഫാ. തോമസ് ചെട്ടിയിൽ VC**

ഡയറക്ടർ
**ഫാ. ജെയ്സൺ പുലിക്കോട്ടിൽ**

# SMRC

20.12.2014

SMRC എക്സിക്യൂട്ടീവ് അംഗങ്ങൾ SMRC പ്രസിഡന്റ് Rev. Fr. Wilson Moyalan- ന്റെ നേതൃത്വത്തിൽ 2014 ലെ X-Mas ആഘോഷത്തിനായി 2 മണിയോടെ ഉക്കടത്തുനിന്ന് പുറപ്പെട്ട് ഏകദേശം 4 മണിയോടെ പൊള്ളാച്ചി സ്നേഹാലയത്തിലെ അന്തേവാസികളോടുകൂടി X-Mas വളരെ സന്തോഷത്തോടെ ആഘോഷിച്ചു. സ്വാഗതത്തിനും പ്രാർത്ഥനയ്ക്കും X-Mas സന്ദേശത്തിനും സന്തോഷത്തിനായി കേക്കും ഓറഞ്ചും എല്ലാവർക്കും പങ്കുവെച്ചു. Stationary യ്ക്കായി സോപ്പും അന്തേവാസികൾക്ക് നല്കി. 5000/- രൂപ അന്തേവാസികൾക്കായി സന്തോഷത്തോടെ അദ്ധ്വാനിക്കുന്ന Mr. Vincent ന് X-Mas സമ്മനമായി നല്കി. പൊള്ളാച്ചി CMI Brothers ന്റെ X-Mas Programme ആഘോഷത്തിന് മാറ്റുകൂട്ടി. "സഭ പാവങ്ങളുടെതാണ്; അവരിലേയ്ക്കിറങ്ങുക" എന്ന ഫ്രാൻസീസ് പാപ്പയുടെ സന്ദേശം അല്പസമയത്തേക്കെങ്കിലും അനുഭവിക്കാൻ സാധിച്ച നിർവൃതിയോടെ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് തിരിച്ചുപോന്നു. വലിയ ഒരനുഭവമായിരുന്നു 2014 X-Mas ആഘോഷം.

**Jan 3rd, 10th 2015**

3–ാം തീയതി മാന്നാനത്ത് വി. ചാവറ പിതാവിന്റെ തിരുനാളിലും 10–ാം തീയതി ഒല്ലൂർ St. Antony's പള്ളിയിൽ നടന്ന വി. ചാവറയുടെയും വി. എവുപ്രാസ്യമ്മയുടെയും തിരുനാളിലും, കേരളത്തിലെ CMC സഭാ സ്ഥാപനത്തിന്റെ 150–ാം വർഷാരംഭ പരിപാടിയിലും SMRC അംഗങ്ങളും ധാരാളം വൈദികരും സമർപ്പിതരും അത്മായ സഹോദരരും പങ്കെടുത്ത് വിശുദ്ധരുടെ അനുഗ്രഹം പ്രാപിച്ചു.

**Jan 11th**

രാമനാഥപുരം Holy Trinity പള്ളി തിരുനാളിനോടനുബന്ധിച്ച് വിരുന്ന് സൽക്കാരത്തിലും SMRC അംഗങ്ങൾ പങ്കെടുത്തു.

**Jan 12th**

Kerala Catholic Association മുൻ പ്രസിഡന്റായിരുന്ന Mr. M.L. Varghese- ന്റെ മൃതസംസ്കാര ശുശ്രൂഷയിലും SMRC അംഗങ്ങൾ സംബന്ധിച്ചു പ്രാർത്ഥിച്ചു.

4 മണിക്ക് ബ. ജോർജ് നരിക്കുഴി അച്ചന്റെയും Rev. Fr. Wilson Moyalan- ന്റെ (SMRC President) യും നേതൃത്വത്തിൽ അജണ്ട കമ്മിറ്റി, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, SMRC Executive അംഗങ്ങൾ ഒരുമിച്ച് രാമനാഥപുരം Parish Hall- വച്ച് ഒരു മീറ്റിംഗ് നടന്നു. സമർപ്പിത വർഷത്തിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളുടെ ഒരു Action Plan തയ്യാറാക്കുന്നതിനായിരുന്നു മീറ്റിംഗ്. എല്ലാവരും സജീവ മായി പങ്കെടുത്തു. തീരുമാനങ്ങൾ എടുത്തു. അത് പിതാവിന് സമർപ്പി ക്കാമെന്ന തീരുമാനത്തോടെ ഏകദേശം 6.30 മണിയോടെ മീറ്റിംഗ് അവസാനിച്ചു.

**Sr. Soona CMC**
SMRC - സെക്രട്ടറി

## FAMILY APOSTOLATE

**<u>പ്രീകാനകോഴ്സ്</u>**

ജനുവരി 15,16,17 ദിവസങ്ങളിൽ നടന്ന വിവാഹത്തിന് ഒരുക്ക മായുള്ള സെമിനാറിൽ 47 യുവതീ യുവാക്കൾ സംബന്ധിച്ചു. നമ്മുടെ രൂപതാംഗങ്ങൾ നമ്മുടെ രൂപതയിൽ തന്നെ വിവാഹ ഒരുക്ക ക്ലാസ്സുക ളിൽ സംബന്ധിക്കണമെന്ന നിർദ്ദേശം ഗൗരവമായെടുത്ത് യുവതീയു വാക്കളെ ക്ലാസ്സിനയച്ച എല്ലാ വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി പറയുന്നു.

അടുത്ത പ്രീകാനകോഴ്സ് ഒക്ടോബർ 22,23,24 തീയതികളിൽ ആയിരിക്കും.

**<u>കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ലിസ്റ്റ്</u>**

ഇടവകയിൽ യൂണിറ്റ് തലത്തിലും, ഇടവക കേന്ദ്രസമിതിയിലും ഭാര വാഹികളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ഇനിയും തരാത്ത ഇടവകകൾ എത്രയും വേഗം അതിനായി തന്നിരിക്കുന്ന ഫോം പൂരി പ്പിച്ച് നൽകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**<u>ആദ്യകുർബ്ബാനസ്വീകരണത്തിനൊരുക്കുന്ന മാതാപിതാക്കൾക്ക് ക്ലാസ്സ്</u>**

2015-ൽ ആദ്യകുർബ്ബാനസ്വീകരണം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി 2015-ഏപ്രിൽ 12 ഞായറാഴ്ച അർദ്ധ ദിനസെമിനാർ (2.30 - 5.00 pm) സംഘടിപ്പിക്കുന്നു. മക്കളുടെ വിശ്വാസ വളർച്ചയ്ക്ക് മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് സെമിനാറിൽ വിശദീകരിക്കപ്പെടുന്നത്. മാതാപിതാക്കളെ സെമിനാ റിന് അയക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

# രാമനാഥപുരം രൂപത

# 3-ാം പാസ്റ്ററൽ കൗൺസിൽ

## 4-ാം സമ്മേളനം

**(14.03.2015 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമനാഥപുരത്ത്)**

## ചർച്ചാ സഹായി :

വിഷയം : **"കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലീനലോകത്തിലും"**

വിഷയം അവതരിപ്പിക്കുന്നത്:
റവ. ഡോ. ജിമ്മി പൂച്ചക്കാട്ട്, ഡയറക്ടർ,
വിശ്വാസപരിശീലനം, എറണാകുളം – അങ്കമാലി അതിരൂപത.

**പ്രസിദ്ധീകരിക്കുന്നത്**


**രൂപതാ കാര്യാലയം,**
**C/o ഹോളി ട്രിനിറ്റി കത്തീഡ്രൽ**
**ട്രിച്ചി റോഡ്, രാമനാഥപുരം, കോയമ്പത്തൂർ - 641 045.**

**28.01.2015**

## പ്രിയ ബ.അച്ചാ, ബ്രദർ, സിസ്റ്റർ, സുഹൃത്തേ,

രൂപതയുടെ 03-ാം പാസ്റ്ററൽ കൗൺസിലിന്റെ നാലാം സമ്മേളനം 14.03.2015 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമനാഥപുരം കത്തീഡ്രൽ ഹാളിലാണെന്ന് അറിയാമല്ലോ. അടുത്ത ഒക്ടോബറിൽ റോമിൽ നടക്കുന്ന സിനഡിന്റെ വിഷയമായ "കുടുംബ"മാണ് ഇപ്രാവശ്യം നാം ചർച്ച ചെയ്യുന്നത്. സഹായകമായ "ചർച്ചാസഹായി" അന്യത്ര ചേർത്തിരിക്കുന്നു. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് താങ്കൾ പാസ്റ്ററൽ കൗൺസിലിൽ പ്രതിനിധാനം ചെയ്യുന്ന ഗ്രൂപ്പിനെവിളിച്ചുകൂട്ടി ഈ വിഷയം വളരെ ഗൗരവത്തിൽ ചർച്ച ചെയ്ത് **അതിന്റെ റിപ്പോർട്ട് 01.03.2015-ന് മുമ്പ് രൂപതാ കാര്യാലയത്തിൽ ജനറൽ സെക്രട്ടറിയ്ക്ക് ലഭിക്കാവുന്ന രീതിയിൽ അയച്ചുതരണം. മറ്റൊരു ക്ഷണക്കത്ത് അയയ്ക്കുന്നതല്ല. കൗൺസിലിലെ അംഗങ്ങൾക്കു പുറമെ, രൂപതാ റിസോഴ്സ് ടീമംഗങ്ങളും ഫാമിലി അപ്പസ്തൊലേറ്റ് പ്രവർത്തകരും ഇടവകയിലേയും മിഷൻ സെന്ററുകളിലേയും കടുംബകൂട്ടായ്മാ ഏകോപനസമിതിയംഗങ്ങളും ഈ മീറ്റിംങിൽ പങ്കുചേരണം.** അവരെ പറഞ്ഞു വിടാൻ ബന്ധപ്പെട്ട വൈദികർ ശ്രമിക്കുമല്ലോ.

താങ്കളുടെ ഹൃദ്യമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,



**ഡോ. ജോഷി ചെറിയാൻ**
സെക്രട്ടറി



**ഫാ. സെബി കുണ്ടുകുളം**
ജനറൽ സെക്രട്ടറി

## കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലീന ലോകത്തിലും

**ആമുഖം:** സഭയുടെയും രാഷ്ട്രത്തിന്റെയും ആണിക്കല്ലുകളാണ് കുടുംബങ്ങൾ. അതുകൊണ്ടുതന്നെ സഭയുടെയും രാഷ്ട്രത്തിന്റെയും ഭാവി, കാലഘട്ടത്തിന്റെ വെല്ലുവിളികളും ആവശ്യങ്ങളും വിലയിരുത്തി കുടുംബങ്ങളെ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തുന്നതിലും അതിന് വ്യക്തമായ ദിശാബോധം പകരുന്നതിലും ആശ്രയിച്ചിരിക്കുന്നു. "സമൂഹം കുടുംബത്തിലൂടെയാണ് കടന്നുപോകുന്ന"തെന്ന വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വാക്കുകൾ ഇവിടെ സ്മരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് 2015 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ പതിനാലാം സാധാരണ സിനഡിനെ നാം കാണേണ്ടത്. അതിന്റെ ചർച്ചാ വിഷയം "കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും സമകാലീനലോകത്തിലും" എന്നതാണ്. മെത്രാന്മാരുടെ സിനഡിന്റെ മൂന്നാം അസാധാരണ പൊതുസമ്മേളനത്തിന്റെ നിർദ്ദേശങ്ങൾ ഓരോ രൂപതയിലും വിവിധ വേദികളിൽ ചർച്ച ചെയ്ത് റോമിലേയ്ക്ക് പതിനാലാം സാധാരണ സിനഡിന്റെ പഠനരേഖ (Lineamenta) തയ്യാറാക്കാൻ അയച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടതിന്റെ പേരിലാണ് പാസ്റ്ററൽ കൗൺസിൽ മീറ്റിംങിൽ ഇത് ചർച്ചാവിഷയമാക്കുന്നത്.

**A) കുടുംബത്തിന്റെ കൂട്ടായ്മയേയും ഭദ്രതയേയും അപകടപ്പെടുത്തുന്ന ഭീഷണികൾ:**

a) <u>വിവാഹത്തിലെ ദൈവികപദ്ധതി കാണാത്ത അവസ്ഥ:</u>

വിവാഹത്തിന് ഒരു വിശ്വാസമാനമുണ്ട്. അതുകൊണ്ട് വിവാഹിതരാകുന്നവർ തങ്ങളുടെ ജീവിതത്തിലെ ദൈവിക പദ്ധതിയെ തിരിച്ചറിയണം. "ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്തരുത്"

(ഉല്പത്തി 2:24). അതായത്, വിവാഹ ജീവിതത്തിലെ ദൈവസ്ഥാപിതമായ ഐക്യവും അവിഭാജ്യതയും മരണം വരെ അഭംഗുരം കാത്തുസൂക്ഷിക്കാനുള്ള തങ്ങളുടെ ദൗത്യത്തെപ്പറ്റി ദമ്പതികൾ സദാ ബോധവാന്മാരാകണം (cf.മത്താ. 19:3-12). ഇപ്രകാരമുള്ള വിശ്വാസം ക്ഷയിക്കുന്നതും ക്രമേണ നഷ്ടപ്പെടുന്നതും ക്രിസ്തീയ പ്രബോധനങ്ങൾ സഭാതനയരെ പഠിപ്പിക്കുന്നതിലും അവർ അത് വേണ്ടവിധം പഠിക്കുന്നതിലും വീഴ്ച വരുത്തുന്നതിനാലാണ്.

**b) ഉപഭോഗസംസ്ക്കാരം (Consumerism)**

ഉപഭോഗസംസ്ക്കാരം ഇന്ന് വ്യക്തികളേയും കുടുംബങ്ങളേയും ഭരിക്കുകയാണ്. തങ്ങളുടെ സമ്പാദ്യത്തിനും ആവശ്യത്തിനുമപ്പുറത്ത് ആഢംബരത്തിനും ധൂർത്തിനുമായി കടമെടുത്തും ക്രെഡിറ്റ്കാർഡ് വഴിയും ജനം സാധനങ്ങൾ വാങ്ങിക്കൂട്ടുകയാണ്. ഈ സംസ്ക്കാരത്തിൽ ഒരുവൻ വിലമതിക്കപ്പെടുന്നത് അവൻ/അവൾ എന്താണോ എന്നതിലല്ല, അവൻ/അവൾക്ക് എന്തുണ്ട് എന്നതിലാണ്. ഈ സംസ്ക്കാരത്തിൽ ആസ്വദിക്കാവുന്നതും ഉപയോഗിക്കാവുന്നതും മാത്രമേ നല്ലതും വൈശിഷ്ട്യവുമായി പരിഗണിക്കപ്പെടുകയുള്ളു. ഇതിന്റെ പ്രത്യാഘാതം കുടുംബത്തിൽ പ്രകടമാകുന്നതിന്റെ ലക്ഷണമാണ് പ്രായമായവരും കുഞ്ഞുങ്ങളും ആസ്വാദ്യജീവിതത്തിന് തടസ്സവും ഭാരവുമായി പരിഗണിക്കപ്പെടുന്നതും സാധിക്കുമെങ്കിൽ അവരെ ഒഴിവാക്കാൻ ശ്രമിക്കുന്നതും. കഴുത്തറപ്പൻ മത്സരങ്ങളും ഏത് വിധേനയും ധനം സമ്പാദിക്കാനുള്ള ശ്രമവും ഇന്നത്തെ ഫാഷനായിരിക്കുകയാണ്.

**c) മാധ്യമങ്ങളുടെ നിഷേധപരമായ സ്വാധീനം:**

മാധ്യമങ്ങൾ - ടിവി, സിനിമ, ഇന്റർനെറ്റ്, സൈബർ ക്ലിനിക്കുകൾ, മൊബൈൽ ഫോൺ, ഫേയ്സ്ബുക്ക്, പത്രങ്ങൾ എന്നിവ - ഒരു പുതിയ സംസ്കാരത്തെ സൃഷ്ടിക്കുകയും അതിനെപിന്തുണയ്ക്കുകയും ചെയ്യുന്നു. മാധ്യമങ്ങളുടെ സ്വാധീനത്തിൽ കുടും

ബമൂല്യങ്ങളുടെ പവിത്രത - പരസ്പര വിശ്വസ്തത, വിവാഹത്തിന്റെ അവിഭാജ്യത, കുടുംബ പ്രതിജ്ഞാബദ്ധത - അവമതിക്കപ്പെടുന്നു. ഈ മൂല്യങ്ങൾ വ്യക്തിയുടെ വളർച്ചയ്ക്ക് വിഘാതമായിട്ടും ജീവിതത്തിന്റെ ഭാരങ്ങളായിട്ടും അവതരിപ്പിക്കപ്പെടുന്നു. ഈ മാധ്യമങ്ങളിലൂടെ അശ്ലീല സാഹിത്യങ്ങളും ചിത്രങ്ങളും കുടുംബങ്ങളിലേക്ക് എത്തുകയും കുടുംബാംഗങ്ങളുടെ സമാധാനം തകർക്കുകയും ചെയ്യുന്നു. വിവാഹമോചനങ്ങൾ സ്വീകാര്യമായവയാണെന്നും ലൈംഗികത കൂടുതലും വിനോദത്തിനുവേണ്ടിയാണെന്നും വിവാഹങ്ങൾ താല്ക്കാലിക ബന്ധങ്ങളാണെന്നും കുഞ്ഞുങ്ങൾ ഭാരവും അസൗകര്യവുമാണെന്നും സ്വവർഗ്ഗരതി (Homo Sexuality) സ്വാഭാവികമാണെന്നും മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. മാധ്യമങ്ങൾ പ്രത്യേകിച്ച് ടിവി എവിടെ അമിത സ്വാധീനം ചെലുത്തുന്നുവോ അവിടെ കുട്ടികളുടെ വിദ്യാഭ്യാസം അവതാളത്തിലാകുന്നു, ക്രൂരതയോടുള്ള പ്രതികരണം തണുത്തതാകുന്നു. ലൈംഗിക അരാജകത്വം അനുദിന സംഭവമാകുന്നു. വി. ജോൺപോൾ മാർപ്പാപ്പ ഈ പ്രവണതയെ "മാധ്യമങ്ങളുടെ അപായങ്ങൾ" (Risks of Medias) എന്നാണ് വിശേഷിപ്പിക്കുന്നത്.

**d) ആഗോളവല്ക്കരണം (Globalization)**

ആഗോളവല്ക്കരണം വഴി ഇറക്കുമതി ചെയ്യപ്പെടുന്നത് വസ്തുക്കൾ മാത്രമല്ല, മൂല്യങ്ങൾ കൂടിയാണ്. പലപ്പോഴും അവ അസന്മാർഗ്ഗികമാണെന്ന് മാത്രം. താളം തെറ്റിയ ധാർമ്മികതയിൽ കുടുംബമൂല്യങ്ങളെ തള്ളിപ്പറയുന്ന സംസ്ക്കാരവും (സ്വതന്ത്രവിവാഹം, പരീക്ഷണവിവാഹം, സ്വവർഗ്ഗവിവാഹം, വിവാഹമോചനം, ഗർഭച്ഛിദ്രം, ഗർഭനിരോധനഉപാധികൾ, കാരുണ്യവധം, സ്വതന്ത്ര ലൈംഗികത, വിവാഹപൂർവ്വ - വിവാഹേതര ലൈംഗിക ബന്ധങ്ങൾ മുതലായവ) ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. ആഗോളവല്ക്കരണത്തിലൂടെ അസ്ഥിരമാകുന്ന സമ്പദ്വ്യവസ്ഥയ്ക്ക് ബലിയാടുകളാകുന്ന സാധാര

ണക്കാർ ആകുലതകളുടെയും മാനസിക പിരിമുറുക്കത്തിന്റെയും മനോരോഗങ്ങളുടെയും അടിമകളായി കുടുംബബന്ധങ്ങൾ താറുമാറായി പലപ്പോഴും ആത്മഹത്യയിൽ ചെന്ന് അവസാനിക്കുന്നു.

**e) കുടുംബങ്ങളെ തകർക്കുന്ന മറ്റു കാര്യങ്ങൾ:**

ഒരംഗത്തിന്റെ മരണം, വാർദ്ധക്യം, ഒരംഗം മയക്കുമരുന്നിന് അടിമയാകുന്നത്, കുടുംബാംഗങ്ങൾ മദ്യപാനാസക്തിയിൽപ്പെട്ടുപോകുന്നത്, വികലാംഗനായ ഒരു കുട്ടി, അപ്രതീക്ഷിതമായ കടുത്ത ആരോഗ്യ പ്രതിസന്ധി, ബിസിനസ്സ് പരാജയം, കുടുംബാന്തരീക്ഷത്തിൽ തന്നെയുള്ള ലൈംഗികത, അരാജകത്വങ്ങൾ എന്നിവ കുടുംബങ്ങളെ ദുർബലപ്പെടുത്തുന്ന മറ്റ് സംഗതികളാണ്. പല കുടുംബങ്ങളും ഇങ്ങനെയുള്ള പ്രതിസന്ധികളെ സ്വയം നേരിടാൻ കെല്പുള്ളവയല്ല. ഈ സാഹചര്യങ്ങളിൽ കുടുംബങ്ങൾക്ക് സഭയിലും - സമൂഹത്തിലും - സുഹൃദ് - ബന്ധു വലയങ്ങളിലും നിന്ന് സഹായം ആവശ്യമായി വരും.

**B) സിനഡിന്റെ മൂന്നാം അസാധാരണ സമ്മേളനത്തിലെ നിരീക്ഷണങ്ങളും നിർദേശങ്ങളും.**

നമ്മുടെ കുടുംബങ്ങളുടെ മേൽപ്പറഞ്ഞ പശ്ചാത്തലത്തിലാണ് പതിനാലാം സാധാരണ സിനഡിന്റെ പഠനരേഖ തയ്യാറാക്കുന്നതിന് ഒരുക്കമായി സിനഡിന്റെ ഒരു അസാധാരണ സമ്മേളനം 04.10.2014-ന് മാർപ്പാപ്പ വത്തിക്കാനിൽ വിളിച്ചുകൂട്ടിയത്. ആ സമ്മേളനത്തിൽ ഉയർന്നുവന്ന നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും സമ്മ്യക്കായി താഴെ കൊടുക്കുന്നു:

**<u>ഭാഗം - I: കുടുംബത്തിന്റെ സാഹചര്യവും അത് നേരിടുന്ന വെല്ലുവിളികളും:</u>**

a) സാമൂഹിക - സാംസ്ക്കാരിക സാഹചര്യം:

- ആശയവിനിമയത്തിന് കൂടിവരുന്ന സ്വാതന്ത്ര്യവും വർദ്ധിച്ചുവരുന്ന വ്യക്തിഗതവാദവും (Individualism) കുടുംബ ബന്ധങ്ങളെ വികൃതമാ

ക്കുകയും കുടുംബത്തിന്റെ ഓരോ ഘടകവും ഒറ്റപ്പെട്ടതായി കരുതാൻ ഇടയാക്കുകയും ചെയ്യുന്നു.

– സമകാലീനസംസ്ക്കാരത്തിലെ ഏറ്റവും പരിതാപകരമായ ഒരുവശം അതിലുള്ള ഏകാന്തതയാണ്. വ്യക്തിയുടെ ജീവിതത്തിൽ ദൈവവിശ്വാസത്തിന്റെ അഭാവം കൊണ്ടും ബന്ധങ്ങളുടെ ക്ഷണഭംഗുരത കൊണ്ടും സംഭവിക്കുന്നതാണത്. വിവാഹത്തോടും കുടുംബബന്ധങ്ങളോടുമുള്ള നിഷേധാത്മക സമീപനം കുട്ടികളെ വളർത്താനുള്ള പ്രയാസത്തിലും പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള സന്ദേഹത്തിലും വാർദ്ധക്യത്തിലെത്തിയവരെ ഭാരമായി കരുതുന്നതിലും വ്യക്തമാണ്. ഇതെല്ലാം വ്യക്തിയുടെ വൈകാരിക സന്തുലിതാവസ്ഥയെ ബാധിയ്ക്കുന്നുണ്ട്.

– ചില സാസ്കാരിക മതാത്മക സാഹചര്യങ്ങളിലെ ബഹുഭാര്യാത്വം, ആസൂത്രിത വിവാഹങ്ങൾ, മിശ്രവിവാഹങ്ങൾ, മതാന്തരവിവാഹങ്ങൾ, വിവാഹത്തിനുമുമ്പുള്ള കൂടിതാമസം (co-habitation) എന്നിവയിൽ അടങ്ങിയിട്ടുള്ള വിശ്വാസപരവും സഭാപരവുമായ പ്രയാസങ്ങൾ വളരെ വലുതാണ്.

– വിവാഹത്തിനുവെളിയിലുള്ള ശിശുജനനവും വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളും പലപ്പോഴും കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള തർക്കങ്ങൾക്കും കലഹങ്ങൾക്കും ഇരകളാകുന്നതും മറ്റൊരു സങ്കീർണ്ണതയാണ്.

– സ്ത്രീകളുടെ മഹത്വവും സംരക്ഷണവും വിലമതിക്കേണ്ടതും അവർക്കെതിരെയുള്ള വിവേചനവും അക്രമവും പെൺഭ്രൂണഹത്യാമനോഭാവവും ഒഴിവാക്കേണ്ടതും മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്.

– കുട്ടികളെ ലൈംഗികമായി ദുരുപയോഗിക്കുന്നതും യുദ്ധങ്ങളും ഭീകരാക്രമണങ്ങളും വഴി കുടുംബങ്ങൾ ഇല്ലാതാകുന്നതും ശിഥിലമാകുന്നതും ജീവിതമാർഗ്ഗങ്ങൾ തേടിയുള്ള കുടിയേറ്റങ്ങളിലൂടെ നഷ്ടപ്പെടുന്ന സ്വന്തമായ വിശ്വാസപൈതൃകവും പാരമ്പര്യങ്ങളും ഗൗരവ

മായ ചർച്ചകൾക്ക് വിഷയമാക്കേണ്ടതാണ്.

b) വൈകാരികതയുടെ പ്രാധാന്യം ജീവിതത്തിൽ:

- ഒരു വ്യക്തി വൈകാരികത (Affectivity) യ്ക്ക് പ്രാധാന്യം നല്കി ജീവിക്കാൻ ശ്രമിക്കുമ്പോൾ വ്യക്തിവാദവും തനിക്കുവേണ്ടി മാത്രം ജീവിക്കുകയെന്നതും യഥാർത്ഥ അപകടമാണ്. സംവാദം, പുണ്യം, ദൈവത്തിന്റെ കരുണാപൂർണ്ണമായ സ്നേഹത്തിലുള്ള വിശ്വാസം എന്നിവയുടെ പോഷണത്തിലൂടെ തങ്ങളുടെ വൈകാരികതയെ പക്വതയിലെത്തിക്കാൻ  വിവാഹം പരസ്പരമുള്ള സമ്പൂർണ്ണ സമർപ്പണമാണെന്ന ചിന്തയിലെത്തിക്കാൻ സഭ ദമ്പതികളെ സഹായിക്കണം.

- ഇന്റർനെറ്റിന്റെ ദുരുപയോഗം വഴി അശ്ലീലസാഹിത്യത്തിന്റെ വ്യാപനവും ശരീരത്തെ വ്യവസായവല്ക്കരിക്കലും സംഭവിക്കുന്നു. ദമ്പതികളുടെ പരസ്പരബന്ധത്തിലുണ്ടാകുന്ന അസ്ഥിരതയും പ്രലോഭനങ്ങളും വേർപെടലും വിവാഹമോചനവുംവഴി കുടുംബത്തിന്റെ അസ്ഥിരതയിലേയ്ക്ക് നയിക്കുന്നു.

c) അജപാലനപരമായ വെല്ലുവിളികൾ:

- ഇത്തരണത്തിലുള്ള പശ്ചാത്തലത്തിലും കുടുംബങ്ങൾക്ക് പ്രത്യാശ പകരാൻ സഭയ്ക്ക് ഉത്തരവാദിത്തമുണ്ട്. വ്യക്തിമാഹാത്മ്യവാദത്തിന്റെയും സുഖവാദത്തിന്റെയും ഇക്കാലഘട്ടത്തിലും വിവാഹത്തിന്റെയും ക്രൈസ്തവ കുടുംബത്തിന്റെയും മഹത്തായ മൂല്യങ്ങൾ ഭാവി തലമുറകൾക്ക് പകർന്നുകൊടുക്കാൻ കുടുംബങ്ങളിലൂടെ സഭാമാതാവ് ശ്രമിക്കണം. ദൈവത്തിനുവേണ്ടിയുള്ള അവരുടെ വിശപ്പിലും സഭയിൽ പൂർണ്ണമായി അംഗത്വം ഉണ്ടാകാനുള്ള അവരുടെ ആഗ്രഹത്തിലും സഭ അവരെ ധൈര്യപ്പെടുത്തണം.

**<u>ഭാഗം - II: ക്രിസ്തുവിലേയ്ക്ക് നോക്കൽ: കുടുംബത്തിന്റെ സുവിശേഷം</u>**

- സമകാലികവെല്ലുവിളികളുടെയിടയിൽ സഞ്ചരിക്കാൻ നിർണ്ണായക വ്യവസ്ഥ ക്രിസ്തുവിലേക്ക് നോക്കലും അവിടുത്തെ മുഖത്തെപ്പറ്റി

ധ്യാനിക്കലുമാണ്. "....ക്രൈസ്തവാനുഭവത്തിന്റെ ഉറവിടത്തിലേക്ക് നാം തിരിയുമ്പോഴെല്ലാം പുതിയ മാർഗ്ഗങ്ങളും സ്വപ്നത്തിൽ പോലും കാണാത്ത സാദ്ധ്യതകളും തെളിഞ്ഞുവരും" (ഫ്രാൻസീസ് മാർപ്പാപ്പ, അഭിമുഖപ്രഭാഷണം, ഒക്ടോബർ 04, 2014)

- സൃഷ്ടിയുടെ ക്രമം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അതിന്റെ ക്രിസ്താഭിമുഖ്യത്തിലാണ്. അതുകൊണ്ട് വിവാഹമെന്ന കൂദാശയുടെ നവീനത അതിന്റെ തുടക്കത്തിലും തുടർച്ചയിലും നാം മനസ്സിലാക്കണം. വിവാഹം ആരംഭത്തിൽ സ്വാഭാവികമായിരുന്നു. സൃഷ്ടിയിലും ക്രൈസ്തവജീവിതത്തിലും ദൈവത്തിന്റെ രക്ഷാകരകർമ്മത്തിന്റെ തുടർച്ചയായി നാം അതിനെതിരിച്ചറിയണം(cf.കൊളോ. 1:16)

- ഈശോതന്നെ സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം അലംഘ്യമാണെന്ന് മാനുഷിക ദാമ്പത്യത്തെ പരാമർശിച്ച് പറഞ്ഞു. "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മത്താ 19:6). അതായത്, വിവാഹ ബന്ധം മനുഷ്യരുടെ മേൽ അടിച്ചേല്പിക്കപ്പെടുന്ന "നുക"മല്ല, മറിച്ച് ഭാര്യ ഭർത്താക്കന്മാർക്ക് നല്കപ്പെട്ട ദാനമാണ്.

- ഈശോ ഒരു കുടുംബത്തിൽ ജനിച്ചു അദ്ധ്വാനിച്ചു വളർന്നു. കാനായിലെ കല്യാണത്തിൽ അത്ഭുതം പ്രവർത്തിച്ചു (യോഹ-2), വിവാഹത്തിന്റെ അർത്ഥതലങ്ങൾ വ്യാഖ്യാനിച്ചു (മത്താ. 19). അതേ സമയം, സമരിയാക്കാരിയേയും (യോഹ. 4), വേശ്യയേയും (യോഹ. 8:1-11) കാരുണ്യത്തോടും സ്നേഹത്തോടുംകൂടി വീക്ഷിച്ചു.

a) കുടുംബം രക്ഷാകരപദ്ധതിയിൽ:

വിവാഹത്തേയും കുടുംബത്തേയും സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയിൽ മൂന്ന് മൗലികഘട്ടങ്ങളുണ്ട്-ആദവും ഹവ്വയും തമ്മിലുള്ള വിവാഹം സൃഷ്ടാവ് സ്ഥാപിച്ചപ്പോൾ ആദ്യ കുടുബമുണ്ടായി (ഉല്പ. 1:27-28). "പുരുഷൻ മാതാപിതാന്മാരെ വിട്ടു ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായി തീരും. ദൈവം യോജിപ്പിച്ചത്

മനുഷ്യൻ വേർപെടുത്തരുത്" (ഉല്പ. 2:24). പാപം മൂലം മലിനപ്പെട്ട കുടുംബത്തിന് ഹൃദയകാഠിന്യത്തിന്റെ പേരിൽ മോശ വിവാഹമോചനത്തിന്റെ ചീട്ടു കൊടുത്തപ്പോൾ രണ്ടാം ഘട്ടമുണ്ടായി. ക്രിസ്തുവിന്റെ വരവോടെ മോശയുടെ ഘട്ടം അവസാനിക്കുകയും പുതിയ ഘട്ടം തുടങ്ങുകയും ചെയ്തു.

- ഈശോമിശിഹാ വിവാഹത്തേയും കുടുംബത്തേയും അവയുടെ ആദിമരൂപത്തിൽ പുന:സ്ഥാപിച്ചു (മർക്കോ 10:9). വിവാഹവും കുടുംബവും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടു (എഫേ.5:21-32). ദൈവ സ്നേഹത്തിന് സാക്ഷ്യം വഹിക്കാനും കൂട്ടായ്മയുടെ ജീവിതം നയിക്കാനും ആവശ്യമായിരിക്കുന്ന പ്രസാദവരം വിവാഹത്തിനും കുടുംബത്തിനും ക്രിസ്തു സഭയിലൂടെ നല്കുന്നു. അതാണ് കുടുംബത്തിന്റെ സുവിശേഷം.

b) കുടുംബം സഭയുടെ പ്രമാണരേഖകളിൽ:

- വിവാഹത്തേയും കുടുംബത്തേയുംപ്പറ്റി സഭ നൂറ്റാണ്ടണ്ടുകളായി പഠിപ്പിക്കുന്നു. ഉദാഹരണത്തിന്, രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ "Gaudium of Spes"(arts. 47-52) പ്രബോധനത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനം - വിവാഹം ജീവന്റെയും സ്നേഹത്തിന്റെയും സംസർഗ്ഗം (48)

- മണവാളനും മണവാട്ടിയും കൗദാശികവരപ്രസാദം വഴി അഭിഷിക്തരാകുന്നു. അതുവഴി അവർ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുകയും ഒരു ഗാർഹികസഭയായി തീരുകയും ചെയ്യുന്നു. (cf. IInd Vat. Lumen Gentium, 11).

- പിന്നീട് "മനുഷ്യജീവൻ" (1967) പോൾ ആറാമൻ മാർപാപ്പ, "മാനുഷിക സ്നേഹത്തെപ്പറ്റിയുള്ള മതബോധനം", "കുടുംബങ്ങൾക്ക് ഒരെഴുത്ത്", "കുടുംബം ഒരു കൂട്ടായ്മ" (ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ), "ദൈവം സ്നേഹമാകുന്നു", "സത്യത്തിൽ സ്നേഹം" (ബെ

നഡിക്റ്റ് 16-ാമൻ മാർപ്പാപ്പ),“വിശ്വാസത്തിന്റെ വെളിച്ചം” (ഫ്രാൻസിസ് മാർപ്പാപ്പ), എന്നീ രേഖകൾ സഭാ ജീവിതത്തിൽ വിവാഹത്തിനും കുടുംബത്തിനുമുള്ള സ്ഥാനവും പ്രാധാന്യവും വ്യക്തമാക്കുന്നു.

c) വിവാഹത്തിന്റെ അഭേദ്യതയും ഒന്നിച്ച് ജീവിതം പങ്കുവയ്ക്കുന്നതിലുള്ള സന്തോഷവും.

വിവാഹത്തിലേർപ്പെടുന്ന ദമ്പതികൾ പരസ്പരം മുഴുവനായി സ്വീകരിച്ച് ക്രിസ്തുവിന്റെ പ്രസാദവരത്താൽ സമ്പൂർണ്ണമായ ആത്മദാനവും മരണം വരെയുള്ള വിശ്വസ്തതയും പുതിയ ജീവനെസംബന്ധിച്ച തുറവിയും വാഗ്ദാനം ചെയ്യുന്നു – വിവാഹത്തിന്റെ മൗലികഘടകങ്ങൾ.

d) കുടുംബത്തിന്റെ സത്യവും സൗന്ദര്യവും തകർന്നവയും തകരാവുന്നവയുമായ കുടുംബങ്ങളോടുള്ള കാരുണ്യവും.

– പരസ്പര വിശ്വസ്തതയിൽ ജീവിച്ച് അഭേദ്യമായ വിവാഹത്തിന്റെ സൗന്ദര്യത്തിന് വിശ്വസനീയമായ രീതിയിൽ സാക്ഷ്യം നല്കുന്ന കുടുംബങ്ങളെ ആന്തരിക സന്തോഷത്തോടും അഗാധമായ ആശ്വാസത്തോടും കൂടി വീക്ഷിക്കുന്നു. ഇത്തരുണത്തിൽ നസ്രസ്സിലെ തിരുകുടുംബം വിസ്മയനീയമായ ഒരു മാതൃകയാണ്. ആ കുടുംബം ജീവിച്ച കുടുംബത്തിന്റെ സുവിശേഷം വളരാൻ കാത്തിരിക്കുന്ന വിത്തുകളെ പോഷിപ്പിക്കുന്നതാണ്.

– തീർച്ചയുള്ള അദ്ധ്യാപികയും ശുശ്രൂഷിക്കുന്ന അമ്മയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹം മാത്രമാണ് കൗദാശികമെന്നും അതിന് എതിരായ ഏത് ലംഘനവും ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമാണെന്നും തിരിച്ചറിയുന്നു.

– സിവിൽ വിവാഹം നടത്തുകയോ, വിവാഹം തകർത്ത് വീണ്ടും വിവാഹം നടത്തുകയോ, വെറുതെ ഒന്നിച്ച് താമസിക്കുകയോ ചെയ്യുന്നവരോടു സഭയ്ക്ക് അജപാലനപരമായ ഉത്തരവാദിത്തമുണ്ട് – സഭാ പ്രബോധനങ്ങളിൽ ഉറച്ചുനിന്നുകൊണ്ട്.

- അതുപോലെ, വിവാഹത്തിലുള്ള സമർപ്പണത്തിൽ വിശ്വാസമില്ലാത്ത അനേകം യുവജനങ്ങളെ സഭ ഉൽകണ്ഠയോടെ കാണുന്നു. അവർ ഏറ്റെടുക്കുന്ന കടമയ്ക്ക് വിരാമമിടാനും മറ്റൊന്ന് സ്വീകരിക്കാനും അവർ കാണിക്കുന്ന ധൃതിയിൽ സഭ ദു:ഖിക്കുകയും ചെയ്യുന്നു. മാമ്മോദീസ സ്വീകരിച്ച യുവജനങ്ങൾ വിവാഹമെന്ന കൂദാശ സ്നേഹസംബന്ധമായ തങ്ങളുടെ പ്രതീക്ഷകളെ സമ്പന്നമാക്കുമെന്നും ക്രിസ്തുവിന്റെ വരപ്രസാദം ഒന്നിച്ചുള്ള തങ്ങളുടെ ജീവിതത്തെ താങ്ങി നിറുത്തുമെന്നും മനസ്സിലാക്കണം.

- സഭ തന്റെ ദുർബലരായ, വ്രണപ്പെട്ട, നഷ്ടപ്പെട്ട മക്കളോടൊപ്പം ക്രിസ്തുവിന്റെ കാരുണ്യത്തോടെ ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി സഞ്ചരിക്കണം. തുറമുഖത്തെ ലൈറ്റ്ഹൗസിന്റെ ദീപം പോലെ, വഴി നഷ്ടപ്പെട്ടവർക്കുവേണ്ടി, കൊടുങ്കാറ്റിൽപ്പെട്ടവർക്കുവേണ്ടി, ടോർച്ചുകൊണ്ട് കാണിക്കുന്ന വെളിച്ചം പോലെ സഭ അത്തരക്കാർക്ക് പ്രത്യാശയും ആത്മധൈര്യവും നല്കണം. സ്നേഹത്തോടെ സത്യം പറയുകയെന്നതാണ് ഏറ്റവും കാരുണാപൂർണമായ കാര്യം (cf. യോഹ.8:1-11: "സമാധാനത്തോടെ പോകുക. മേലിൽ പാപം ചെയ്യരുത്").

**ഭാഗം-III: മേൽപ്പറഞ്ഞ കുടുംബസാഹചര്യങ്ങളെ അജപാലനപരമായി എങ്ങനെ നേരിടാം?**

തിരുസ്സഭ അമ്മയും ഗുരുനാഥയുമാണ്. വാത്സല്യമുള്ള അമ്മയും വ്യക്തതയുള്ള അദ്ധ്യാപികയും (cf.എഫേ 4:15). കുടുംബം സഭയുടെ ആണിക്കല്ലും "മാർഗ്ഗ"വുമാണെങ്കിൽ അത് കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് പുന:ക്രമീകരിക്കുകയും ബലപ്പെടുത്തുകയും ചെയ്യുക സഭയ്ക്കും നാടിനും മർമ്മപ്രധാനമായ കാര്യമാണ്. ഈ അടിയന്തിരാവശ്യം കണക്കിലെടുത്ത് അജപാലനപരമായ പദ്ധതികൾ തയ്യാറാക്കാൻ സഹായകമായ ചർച്ചയ്ക്ക് ഏതാനും ചിന്തകൾ താഴെ

കൊടുത്തിരിക്കുന്നു:

- വിവാഹം ദൈവികസ്ഥാപനമാണെന്നും കുടുംബം ദൈവസാന്നിദ്ധ്യമുള്ള, ദൈവകേന്ദ്രീകൃതമായ ഒരു ഇടമാണെന്നുമുള്ള കുടുംബവിശ്വാസപരിശീലനം പകരാൻ സഭ തയ്യാറാകണം.

- കത്തോലിക്കാവിവാഹം മറ്റു വിവാഹങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു കൂദാശയാണെന്നും തങ്ങളുടെ ദാമ്പത്യധർമ്മം വിശ്വസ്തതയോടെ നിർവ്വഹിക്കാൻ ആവശ്യമായ ദൈവവരപ്രസാദം ലഭിക്കുന്നത് യോഗ്യതയോടെ ഈ കൂദാശ സ്വീകരിക്കുമ്പോഴാണെന്നുമുള്ള ബോദ്ധ്യം വിശ്വാസപരിശീലനക്ലാസ്സുകളിലൂടെ പകർന്നുകൊടുക്കണം. കത്തോലിക്കാവിവാഹത്തിന്റെ സവിശേഷതകളായ ഏകത്വത്തിന്റെയും അവിഭാജ്യതയുടെയും അന്തസ്സത്ത വേണ്ടവിധം ഉൾക്കൊള്ളാൻ കഴിയാത്തതല്ലേ പല വിവാഹങ്ങളും പരാജയപ്പെടാൻ കാരണം? അതിനു വിശ്വാസപരിശീലനക്ലാസ്സുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണം.

- കർഷകരുടെ വലിയ പ്രത്യേകതയാണ് ദൈവാശ്രയബോധം. മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ നിന്ന് കാർഷിക സംസ്ക്കാരം അപ്രത്യക്ഷമായി തുടങ്ങിയതോടെ ഈ ദൈവാശ്രയബോധവും അനുദിനമുള്ള വി.കുർബ്ബാനയ്ക്കും കുടുംബപ്രാർത്ഥനയ്ക്കുമുള്ള ഊന്നലും കുറഞ്ഞുതുടങ്ങി.

- ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ജീവിതം ലാളിത്യത്തിന് വഴിയൊരുക്കും. അത്തരം സംതൃപ്തി ധൂർത്തിന്റെയും കടബാദ്ധ്യതകളുടെയും അപകടങ്ങൾ ഒഴിവാക്കും.

- വിവാഹത്തിനൊരുക്കമായ കോഴ്സ് സഭാനേതൃത്വവും വിവാഹം കഴിക്കാൻ പോകുന്നവരും ഗൗരവത്തിലെടുക്കണം. വിവാഹം ഉറപ്പിക്കുന്നതിനു മുമ്പ് കോഴ്സിൽ പങ്കെടുക്കുന്നത് പക്വവും ഉചിതവുമായ തീരുമാനം പങ്കാളിയെപ്പറ്റി എടുക്കാൻ സഹായകമാകും.

- വിവാഹം കഴിഞ്ഞുള്ള ആദ്യ വർഷങ്ങളിലും പിന്നീടും ദമ്പതി

കൾക്ക് ഞലഉൃലവെല്യ ഇീൗൃലെകൾ സംഘടിപ്പിക്കണം. കുഞ്ഞുങ്ങളെ "ഭാരങ്ങൾ" (ബാദ്ധ്യതകൾ) എന്നതിനേക്കാൾ ദൈവത്തിന്റെ വരദാനങ്ങളായി സ്വീകരിക്കാൻ അഭ്യസിപ്പിക്കുക.

- വൈദികരുടെയും സന്യസ്തരുടെയും ഭാഗത്തുനിന്ന് അജപാലനപരമായ അനുയാത്ര ദമ്പതികൾക്കും കുടുംബങ്ങൾക്കും ലഭിക്കുന്നത് കുടുംബജീവിത വിശുദ്ധിക്കും കെട്ടുറപ്പിനും സഹായകമാകും.

- കൂട്ടുകുടുംബ വ്യവസ്ഥിതിയോട് ചേർന്നുപോകുന്ന മനോഭാവം കുടുംബജീവിതം വളരെ ബലപ്പെടുത്തുമെങ്കിലും അതിനുള്ള താല്പര്യം പൊതുവേ കുറഞ്ഞു വരികയാണ്. ആ നല്ല പരാമ്പര്യം പുനരുദ്ധരിക്കണം.

- മാധ്യമങ്ങളോട് സൃഷ്ടിപരമായ സമീപനം വേണം പ്രാർത്ഥനയ്ക്കും പഠനത്തിനും സംഭാഷണത്തിനും ധാർമ്മികതയ്ക്കും നിരക്കാത്ത രീതിയിലുള്ള മാധ്യമ ഉപയോഗം ചെറുക്കുക.

- മനസ്സിനും ആത്മാവിനും ശക്തിപകരുന്ന ധ്യാനകേന്ദ്രങ്ങളേയും കൗൺസലിംങ് കേന്ദ്രങ്ങളേയും പ്രോത്സാഹിപ്പിക്കുക.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. യുവതീ യുവാക്കളുടെ ഹൃദയങ്ങളിൽ സ്രഷ്ടാവ് സ്ഥാപിച്ചിട്ടുള്ള "കുടുംബം രൂപവത്ക്കരിക്കാനുള്ള ആഗ്രഹത്തെ" വളർത്താനും അംഗീകരിക്കാനും എന്ത് മാർഗ്ഗനിർദ്ദേശങ്ങളാണുള്ളത്?

2. വിവാഹത്തേയും കുടുംബത്തേയും സംബന്ധിച്ച ഏത് മൂല്യങ്ങളാണ് യുവജനങ്ങളിലും ദമ്പതികളിലും സാക്ഷാത്ക്കരിക്കപ്പെട്ടതായി കാണാൻ കഴിയുന്നത്? ഉയർത്തിക്കാണിക്കാവുന്ന മൂല്യങ്ങളുണ്ടോ? ഉപേക്ഷിക്കുകയും കീഴടക്കുകയും ചെയ്യേണ്ട പാപകരമായ വശങ്ങൾ ഏവ?

3. ക്രൈസ്തവ വിവാഹം ദൈവത്തിന്റെ ആദിമപദ്ധതിയനുസരിച്ചുള്ളതാണ്. അങ്ങനെഅത് സാക്ഷാത്കാരത്തിന്റേതാണ്. തടങ്കൽ വാസത്തിന്റേതല്ല. ഈ വസ്തുത ജനങ്ങൾക്ക് എങ്ങനെമനസ്സിലാക്കി

കൊടുക്കും?

4. വൈദികരുടടെയും സന്യസ്തരുടെയും മറ്റു അജപാലകപ്രവർത്ത കരുടെയും പരിശീലനത്തിൽ കുടുംബത്തിന് എങ്ങനെഊന്നൽ നല്കിയിരിക്കുന്നു? കുടുംബങ്ങൾ എങ്ങനെഉൾപ്പെടുന്നു?

5. വിവാഹത്തിന് തയ്യാറാക്കലും വിവാഹജീവിതത്തിന്റെ പ്രാരംഭ വർഷങ്ങളിൽ ദമ്പതികളോടൊപ്പം സഞ്ചരിക്കലും കുടുംബങ്ങളിലും സംഘടനകളിലും കുടുംബപ്രസ്ഥാനങ്ങളിലും നല്കപ്പെടാവുന്ന സാക്ഷ്യവും പിന്തുണയുമാണെന്ന് വേണ്ടവിധം വിലമതിക്കുന്നു ണ്ടൊ? ഉണ്ടെങ്കിൽ എങ്ങനെ?

6. സഭയുടെ പ്രബോധനത്തിൽ വിവാഹത്തിന്റെ പ്രാഥമിക ഘടക ങ്ങൾ ഐക്യം, അവിഭാജ്യത, ജീവനോടുള്ള തുറവി എന്നിവയാണ്. ഇതിന്റെ വെളിച്ചത്തിൽ ഓരോ സാഹചര്യത്തേയും അജപാലനപര മായി തിരിച്ചറിയാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിച്ചിട്ടു ള്ളത്?

7. സ്വവർഗ്ഗഭോഗപരമായ പ്രവണതകളോടുകൂടിയ വ്യക്തികളുള്ള കുടുംബങ്ങൾക്ക് അജപാലനശ്രദ്ധ നല്കാൻ ക്രൈസ്തവ സമൂഹ ത്തിന് എങ്ങനെകഴിയും? സാംസ്ക്കാരിക വൈകാരികതയുടെ വെളി ച്ചത്തിൽ ഏത് പ്രത്യുത്തരങ്ങളാണ് ഏറ്റവും സമുചിതമായി കരുതേ ണ്ടത്?

8. ക്രൈസ്തവർ മാതൃത്വമോ പിതൃത്വമോ ജീവിക്കുന്നത് ഒരു വിളി യോടുള്ള പ്രത്യുത്തരമായിട്ടാണ്. അതിന്റെ സൗന്ദര്യത്തേയും മഹത്വ ത്തേയും അറിയിക്കാനും, കാര്യക്ഷമമായി വളർത്താനും മതബോധന ത്തിൽ എന്തുമാത്രം ഊന്നൽ നല്കുന്നുണ്ട്? അത് പര്യാപ്തമാണോ?

9. കുട്ടികളുടെ വിദ്യാഭ്യാസം ചെയ്യിക്കുകയെന്ന ദൗത്യം മാതാപിതാ ക്കൾക്ക് എളുപ്പമുള്ള കാര്യമല്ല. അവർക്ക് അതിനായി ക്രൈസ്തവ സമൂഹത്തിൽ നിന്ന് വേണ്ടത്ര ഐക്യദാർഢ്യവും പിന്തുണയും ലഭി ക്കുന്നുണ്ടൊ? ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് നല്കാവുന്ന പരി

ശീലനത്തെ സംബന്ധിച്ച് എന്ത് നിർദ്ദേശങ്ങളാണ് നല്കാനുള്ളത്?

**ഉപസംഹാരം:**

സഭയുടെയും രാഷ്ട്രത്തിന്റെയും ആണിക്കല്ലും മാർഗ്ഗവും കുടുംബമാണ്. കുടുംബത്തിന്റെ കെട്ടുറപ്പിലും ധാർമ്മികതയിലും ദൈവോന്മുഖതയിലും പരോന്മുഖതയിലുമാണ് സഭയുടെയും രാഷ്ട്രത്തിന്റെയും ഭാവിയും സുസ്ഥിതിയും അടങ്ങിയിട്ടുള്ളത്. ലോകത്തെ ദ്രുതഗതിയിൽ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഭൗതികവാദവും ഉപഭോഗസംസ്ക്കാരവും വ്യക്തിഗത ചിന്തയും അസഹിഷ്ണതയും തീവ്രവാദവും വർഗ്ഗീയതയും കുടുംബങ്ങളുടെ ഭദ്രതയേയും പവിത്രതയേയും സാരമായി ബാധിച്ചിട്ടുണ്ട് - ഈ പശ്ചാത്തലത്തിലാണ് 2015 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന സിനഡ് "കുടുംബം" പഠനവിഷയമാക്കിയിരിക്കുന്നത്.

സീറോ മലബാർ സഭയുടെ ഇതേപ്പറ്റിയുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് 15.04.2015-ന് മുമ്പ് റോമിൽ എത്താവുന്ന രീതിയിൽ അയയ്ക്കേണ്ടതുണ്ട്. അതിന് സഹായകമാകുന്ന രീതിയിൽ നമ്മുടെ ചർച്ചകൾക്കും റിപ്പോർട്ടിനുമായി 46 ചോദ്യങ്ങൾ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നിന്ന് അയച്ചു തന്നിട്ടുണ്ട്. നമ്മുടെ പരിമിതികൾ കണക്കിലെടുത്ത് അവയിൽ നിന്ന് മേൽകൊടുത്തിരിക്കുന്ന 9 ചോദ്യങ്ങൾ അയയ്ക്കുന്നു. നമ്മുടെ വളരെ വിലപ്പെട്ട കുടുംബങ്ങളെപ്പറ്റി നമുക്ക് പ്രാർത്ഥനാപൂർവ്വം പഠിക്കാം, വിലയിരുത്താം.

# SNIPPETS

| | |
|---|---|
| Starting of the Coimbatore Mission | 29th April 1955 |
| Formation of Coimbatore Forane | Nov. 1973 |
| Erection of the Eparchy of Palghat | 20th June 1974 |
| Inauguration of the Eparchy of Palghat | 8th Sept 1974 |
| Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| Erection of the Eparchy of Ramanathapuram | 18th Jan 2010 |
| Inauguration of the Eparchy of Ramanathapuram & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| Inauguration of the 1st Pastoral Council | 29th April 2010 |
| 1st Eparchial Day & Releasing of the Eparchia Logo & Anthem (Chief Guest : Mar Andrews Thazhath, Metropolitan Archbishop of Trichur) | 04th July 2010 |
| Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th Oct 2010 |
| Blessing of the Arokiamatha Chapel, Pollachi | 18th Oct 2010 |
| Blessing & Inauguration of “Santhom Creations”, Tirupur | 25th Oct 2010 |
| Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th Jan 2011 |
| Inauguration of the 2nd Pastoral Council | 11th June 2011 |
| Inauguration of “St.Mary’s Minor Seminary”, at temporary building in Edayapalayam | 12th June 2011 |
| Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| Inauguration of the Mission Year | 10th Sept. 2011 |
| Inauguration of the Diocesan Website | 10th Sept. 2011 |
| Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |

# SNIPPETS

| | |
|---|---|
| Erection of the Parish Udumalpet | 07th Jan. 2012 |
| Starting of the Dharapuram Mission | 4th March 2012 |
| Blessing of the Presbytery, Karamadai | 06th May 2012 |
| The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 03rd Eparchial day | 8th July 2012 |
| Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| Erection of the Parish Sulur Aero | 15th July 2012 |
| Inauguration of the Eparchial Santhom Social Service Society | 18th Aug 2012 |
| Laying foundation Stone for the Minor Seminary at Kozhinjampara | 18th Jan 2013 |
| Consecration of the Good Shepherd Church, Karamadai | 20th Jan 2013 |
| Starting of Vadavally Mission | 10th Feb 2013 |
| Starting of Ettimada Mission | 17th Feb 2013 |
| Starting of St.Alphonasa Mission, Edayapalayam (Mettupalayam) | 3rd March 2013 |
| Starting of Athipalayam Pirivu Mission (Ganapathy, Gandhipuram) | 11th Aug 2013 |
| Starting of Sowripalayam Mission | 20th Oct 2013 |
| Consecration of the St.Judes Church, Dharapuram | 21th Dec 2013 |
| Shifting of the Minor Seminary to the new building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| Consecration of St.Alphonsa Church, Palladam | 1st Feb 2014 |
| Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| Blessing of Presbytery, Dharapuram | 23rd Feb 2014 |
| Perpetual Adoration Centre at Lourde Forane Church, Gandhipuram | 8th Dec 2014 |

# VISIT OF MGR. ROLF LINSE AT JEEVAN JYOTHI CENTRE, THOTTIPALAYAM ON 26.11.2014










# DIOCESE OF RAMANATHAPURAM




1. HOLY TRINITY CATHEDRAL, RAMANATHAPURAM
   a) Trinity Matriculation Hr. Sec. School (Parish)
   b) FCC Convent (FCC)
   c) Alvernia Matric. Hr. Sec. School (FCC)
   d) St. Thomas Aged Home (FCC)
   e) Divine Retreat Centre (V.C)
   f) Divyodaya (CMI)
2. ST. SEBASTIAN CHURCH, UKKADAM
   a) Holy Family Convent (CHF)
   b) Holy Family Mat. Hr. Sec. School (CHF)
3. ST. MARK'S CHURCH, KUNIAMUTHUR
   a) Nirmala Matha Convent (SABS)
   b) Nirmala Matha Mat. Hr. Sec. School (SABS)
   c) Nirmala Matha Orphanage (SABS)
   d) Assisi Snehalaya Monastery (OFM Cons.)
   e) Assisi Snehalaya R.P.C (OFM Cons.)
   f) Cottolengo Convent (CMI)
4. ST. CLOTTILDE'S CHURCH, PODANUR
   a) Karunyamatha Convent (SABS)
   b) Nirmala Matha Mat. Hr. Sec. School (SABS)
   c) St. Joseph's Convent (S.S)
   d) St. Joseph's Home for the aged (S.S)
5. ST. THOMAS CHURCH, SULUR AERO
   a) Holy Family Convent (CHF)
   b) Arokyamatha Nursery & Primary (CHF)
   c) Holy Family Nursery School (CHF)
6. INFANT JESUS CHURCH, PALLADAM
   a) Infant Jesus Convent (FCC)
   b) Infant Jesus Mat. Hr. Sec. School (FCC)
7. ST. PAUL'S CHURCH, POLLACHI
   a) Holy Family Convent (CHF)
   b) Arokyamatha Nursery & Primary (CHF)
   c) Arokyamatha Convent (CHF)
   d) Arokyamatha Mat. Hr. Sec. School (CHF)
   e) Matha Nilayam (CHF)
   f) Preshitha House (CMI)
   g) Preshitha Service Society (CMI)
   h) Press & Media Centre (CMI)
   i) [illegible] Mat. Hr. Sec. School (CMI)
   j) Preshitha Agro Service Centre (CMI)
   k) Preshitha Rural Hospital (CMI)
   l) Lisieux Bhavan (S.S)
   m) Arbakam (CMI)
8. ST. ELIZABETH CHURCH, SULEESWARANPATTY
9. ST. LUKE'S CHURCH, VALPARAI
   a) Karunya Convent (FCC)
   b) Karunya Tailoring Centre (FCC)
10. ST. SEBASTIAN'S CHURCH, UDUMALPET
   a) Lourd Matha Convent (CMC)
   b) Lourd Matha Convent Mat. School (CMC)
11. KARUNYAMATHA PRAYER CENTRE
   a) Karuna Illam (CMI)
12. LOURDE FORANE CHURCH, GANDHIPURAM
   a) Mary Rani Convent (FCC)
   b) Mary Rani Nursery & Primary School (FCC)
13. ST. ANTONY'S CHURCH, VISWASAPURAM
   a) Vimal Jyothi Convent (CMC)
   b) Vimal Jyothi Mat. Hr. Sec. School (CMC)
   c) Carmel Convent (CMC)
   d) Vimal Jyothi Hospital (CMC)
   e) Lisieux Hostel (CMI)
   f) Lisieux College of Education (CMI)
14. ST. JOSEPH'S CHURCH, R.S. PURAM
   a) Amalth Illam (SABS)
   b) Amalth Illam Hostel (SABS)
   c) Nazreth Bhavan (CSC)
   d) Ashraya Bala Bhavan (CSC)
   e) CMI Bhavan (CMI)
   f) Chavara Vidhya Bhavan Mat. Hr. Sec. School (CMI)
15. CMI PROVINCIAL HOUSE
16. LITTLE FLOWER CHURCH, SAIBABA COLONY
   a) Little Flower Monastery (CMI)
   b) Lisieux Mat. Hr. Sec. School (CMI)
   c) Avila Convent (CMC)
   d) Avila Convent Mat. Hr. Sec. School (CMC)
   e) Assisi Sisters of Mary Immaculate (ASMI)
17. INFANT JESUS CHURCH, [illegible]
   a) Nazareth Convent (CSN)
18. ST. JOSEPH'S CHURCH, KAVUNDAMPALAYAM
   a) St. Joseph's Nursery School (Parish)
   b) Kristu Dasi Convent (SKD)
   c) Christ Message Centre (CMI)
   d) Little Flower Minor Seminary (CMI)
   e) Infant Jesus Convent (CMC)
   f) Infant Jesus School (CMC)
   g) Infant Jesus School for deaf and Dumb (CMC)
19. GOOD SHEPHERD CHURCH, KARAMADAI
   a) Good Shepherd Convent (FCC)
   b) Good Shepherd Garment Unit (FCC)
   c) Zion Ashram (MMB)
   d) Zion Illam (MMB)
20. ST. JOSEPH'S CHURCH, METTUPALAYAM
   a) St. Joseph's Nursery School (Parish)
   b) San Jose Convent (FCC)
   c) San Jose Mat. Hr. Sec. School (FCC)
   d) Little Flower Convent (FCC)
21. JEEVAN JYOTHI CENTRE, CHINNATHOTTIPALAYAM
   a) St. Joseph's Mat. Hr. Sec. School (Diocese)
   b) Clara Illam (FCC)
   c) Jeevan Jyothi Animation Centre (FCC)
   d) St. Mary's Convent (SKD)
   e) St. Mary's Mat. Hr. Sec. School (SKD)
22. LOURD MATHA FORANE CHURCH, ERODE
   a) Christu Jyothi Convent (FCC)
   b) Christu Jyothi Mat. Hr. Sec. School (FCC)
   c) Jyothi Bhavan (FCC)
   d) Christu Jyothi Hospital (FCC)
   e) Assisi Bhavan (FCC)
   f) Annai Mary P.C. Convent (FCC)
   g) Annai Mary Laurel Primary School (FCC)
   h) Carmel House (CMI)
   i) Carmel Matric Hr. Sec. School (CMI)
   j) Nirmala Matha Convent (SABS)
   k) Nirmala Matha Mat. Hr. Sec. School (SABS)
   l) Nirmala Matha Ladies Hostel (SABS)
   m) St. Antony's Convent (CSN)
23. ST. ANTONY'S CHURCH, SASTHRI NAGAR
24. ST. ANTONY'S CHURCH, CHENNIMALAI
   a) Vimala Convent (FCC)
   b) Vimala High School (FCC)
   c) Udayam Monastery (CMI)
   d) Udayam Home for mentally Challenged (CMI)
25. MOUNT CARMEL CHURCH, TIRUPUR
   a) Little Flower Convent (CMC)
   b) Little Flower Mat. Hr. Sec. School (CMC)
26. ST. MARY'S CHURCH, KANGAYAM
   a) Mercy Convent (FCC)
   b) Mercy High School (FCC)
27. ST. ANTONY'S CHURCH, KARUR
   a) St. Antony's Convent (FCC)
   b) St. Antony's Mat. Hr. Sec. School (FCC)
   c) Snehalaya Illam (CST)
   d) Anbu Bhavan (FCC)
   e) St. Antony's Home for Mentally Challenged (FCC)
28. ST. MARY'S CHURCH, SALEM
   a) Shalom (FCC)
29. ST. THOMAS TRICHY MISSION